# ജനകീയ ആസൂത്രണ പ്രസ്ഥാനം

അധികാരം ജനങ്ങളിലേക്ക്

## വികസന റിപ്പോർട്ട് - 1996

**അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്**

68-5



## സന്ദേശം

അധികാരം ജനങ്ങളിലേക്ക് – ഗ്രാമ സ്വരാജ് – ഈ ചർച്ചകൾക്ക് അരനൂറ്റാണ്ടിലധികം പഴക്കമുണ്ട്. വികസനമെന്നാൽ ഉന്നത തലങ്ങളിൽ നിശ്ചയിക്കപ്പെടേണ്ടത്, പൂച്ചക്കെന്ത് പൊന്നുരുക്കുന്നേടത്ത് കാര്യം? ഈ വികലമായ ധാരണയാണ് ജനങ്ങളുടെ തലച്ചോറിൽ അടിച്ചേല്പിച്ചിരുന്നത്. ഈ കാഴ്ചപ്പാട് മാറിയിരിക്കുന്നു. ഇൻഡ്യയുടെ ചരിത്രത്തിലാദ്യമായി 9–ാം പഞ്ചവത്സര പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ ജനകീയ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കേരളം ഭരിക്കുന്ന ഇടതു പക്ഷജനാധിപത്യ മുന്നണിയുടെ ഗവൺമേന്റ് തുടങ്ങിയിരിക്കുന്നു. ഈ ചരിത്ര മുഹൂർത്തത്തിൽ – അയ്യമ്പുഴയുടെ വികസനത്തിൽ – മുഴുവൻ ജനങ്ങളും പങ്കാളികളാവുക.

സസ്നേഹം

C.K. ഉണ്ണികൃഷ്ണൻ
പ്രസിഡന്റ്
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

അയ്യമ്പുഴ
1 – 12 – 96



E.D. ജോൺസൺ
കൺവീനർ

# കൺവീനറുടെ കത്ത്

പ്രിയരെ

വികസനങ്ങളോട് പുറം തിരിഞ്ഞു നിന്നിരുന്ന ജനതയ്ക്ക് ഉണർത്തുപാട്ടായി ഒരു മഹാ സംരംഭം ജനകീയാസൂത്രണ പ്രസ്ഥാനം. അതിമഹത്തും ബൃഹത്തുമായ ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനായി പഞ്ചായത്തിന്റെ ഓരോ മൺപാളിയും തൊട്ടറിഞ്ഞ്, കുരുന്നു സസ്യനാമ്പുകളേയും സാകൂതം വീക്ഷിച്ച്, ശിരസ്സുയർത്തി നിൽക്കുന്ന കുന്നുകളെ കാൽകീഴിലാക്കി എന്നോടൊപ്പം നടന്നു കയറിയവർ നിരവധിയാണ് പഠനപര്യടന പങ്കാളികളുടേയും ഉദ്യോഗസ്ഥരുടേയും പഞ്ചായത്തു അംഗങ്ങളുടേയും സഹകരണത്തോടെ തയ്യാറാക്കിയ ഈ വെൺതാളുകൾ വികസനത്തിന്റെ നല്ല നാളേയ്ക്കായി നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ ഞാൻ കൂട്ടിയോജിപ്പിക്കുന്നു.

അയ്യമ്പുഴ പഞ്ചായത്തിന്റെ ഒൻപതു ഗ്രാമസഭകളിലും പരിശീലന ശിബിരങ്ങളിലും ജന്മം കൊണ്ട അറിവിന്റെ വിത്തുകളാണ് ഈ റിപ്പോർട്ടിൽ കിളിർത്തിരിക്കുന്നത്. പൂർണ്ണമായെന്ന് അവകാശപ്പെടുന്നില്ല. എങ്കിലും വികസനത്തിന്റെ നിറവ് ഏറെ പ്രതിഫലിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട് ഉൾത്താളുകൾ കാത്തിരിക്കുന്നു സ്വീകരിക്കുക

ഒത്തിരിനന്ദിയോടെ

ജോൺസൺ



**കെ. പി. തങ്കപ്പൻ**

സെക്രട്ടറി, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്.

# സന്ദേശം

അധികാരം ജനങ്ങളിലേക്ക് എന്ന ലക്ഷ്യം മുൻനിറുത്തി കേരള സർക്കാർ ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്വത്തോടെ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവ നടപ്പിലാക്കേണ്ട പരിപാടികൾക്ക് രൂപം കൊടുത്തു വരുന്ന സമയമാണല്ലോ പദ്ധതിനടത്തിപ്പിന്റെ ഭാഗമായി അയ്യമ്പുഴ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു വികസനപദ്ധതിക്കാണ് പഞ്ചായത്ത് രൂപം കൊടുത്തിട്ടുള്ളത്. തികച്ചും കുറ്റമറ്റത് എന്ന് അവകാശപ്പെടുന്നില്ലെങ്കിലും പദ്ധതി രൂപപ്പെടുന്നതിൽ പിഴവുകൾ പരമാവധി ശ്രദ്ധചെലുത്തിയിട്ടുണ്ടെന്നുള്ള ചാരിതാർത്ഥ്യവുമുണ്ട്. ഈ പദ്ധതിക്ക് രൂപം കൊടുക്കുന്നതിൽ സഹായിച്ച ജനകീയാസൂത്രണ ജില്ലാറിസോഴ്സ് പേഴ്സൺസ്, സംസ്ഥാന റിസോഴ്സ് എന്നിവരെയും മറ്റെല്ലാ നല്ലയാളുകളേയും അഭിനന്ദിക്കുവാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അയ്യമ്പുഴ പഞ്ചായത്ത് ജനകീയാസൂത്രണ കൺവീനർ ശ്രീ. E.D. ജോൺസന്റെ നിസ്തുല സംഭാവനകളെ ഞാൻ പ്രത്യേകം സ്മരിക്കുന്നു. ഈ പദ്ധതിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന്,

**കെ. പി. തങ്കപ്പൻ,**

സെക്രട്ടറി, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്.

# ചരിത്ര പാശ്ചാത്തലം

1980–കളിൽ മഞ്ഞപ്ര പഞ്ചായത്ത് വിഭജിച്ചു കൊണ്ടാണ് അയ്യമ്പുഴ പഞ്ചായത്തിന് രൂപം കൊടുത്തത്. പഞ്ചായത്ത് രൂപീകരിക്കാൻ നേതൃത്വം കൊടുത്ത, ആരംഭം മുതൽ പ്രസിഡന്റായി തുടരുന്ന ശ്രീ. C.K. ഉണ്ണികൃഷ്ണനാണ് ഈ പഞ്ചായത്തിന് അയ്യമ്പുഴ എന്ന് നാമകരണം ചെയ്തത്.

ഭൂരിഭാഗവും വനപ്രദേശമായിരുന്ന ഈ പ്രദേശത്ത് ചുള്ളി ചീനം ചിറ, അമലാപുരം, പാണ്ടുപാറ എന്നീ പ്രദേശങ്ങളിൽ മാത്രമേ ആദ്യകാലത്ത് ഏതാനും വീട്ടുകാർ താമസമുണ്ടായിരുന്നുള്ളു. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് 70 വർഷങ്ങൾക്കുമുമ്പ് കാലടി ആശ്രമത്തിന് അനുവദിച്ച പാണ്ടുപാറയിലെ ഭൂമിയിലാണ് ആദ്യമായി ജനവാസമുണ്ടായത്. പിന്നീട് കൂട്ടത്തോടുകൂടി ജനങ്ങൾ താമസമാരംഭിച്ചത്. 1961 ൽ ആരംഭിച്ച പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിലാണ്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന വന പ്രദേശത്ത്, 1969 ലാണ് വലിയൊരു വിഭാഗം ജനങ്ങൾ കയ്യേറി താമസമുറപ്പിച്ചത്. അതിന് നേതൃത്വം കൊടുത്തത് അന്നത്തെ M.L.A യായിരുന്ന ശ്രീ. A.P. കുര്യനും ഇന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. C.K. ഉണ്ണികൃഷ്ണനുമാണ്. കൊല്ലക്കോടു മുതൽ മുണ്ടോപ്പുറം, തട്ടുപാറ, ഉപ്പുകല്ല്, താന്നിക്കോട്, എരപ്പ്, ചുള്ളിവരെയും അയ്യമ്പുഴ മുതൽ കുന്തിരി, പോട്ട, കണ്ണിമംഗലം വരേയും ഇങ്ങിനെ കയ്യേറി താമസമുറപ്പിച്ച സ്ഥലങ്ങളിൽ പെടുന്നു. പഴയ കാള ചന്ത പ്രദേശം കോതമംഗലം സൊസൈറ്റിയുടെ പേരിൽ ഒരു സ്വകാര്യ വ്യക്തി കുത്തകപ്പാട്ടത്തിന് കൃഷി ചെയ്യിക്കുകയായിരുന്നു. പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്തിരുന്ന കൃഷിക്കാർ 1969 ൽ ഈ ഭൂമി കൈവശം വയ്ക്കുകയായിരുന്നു. വനഭൂമി കൈവശം വച്ച ഭൂരിഭാഗം പേർക്കും 1980 ൽ അധികാരത്തിൽ വന്ന നായനാർ ഗവൺമേന്റ് പട്ടയവും കൊടുത്തു.

മഞ്ഞപ്ര പഞ്ചായത്തിൽ നിന്ന് ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന റോഡുകളൊന്നും ഉണ്ടായിരുന്നില്ല. കാലടി പ്ലാന്റേഷനിലേക്ക് തൃശ്ശൂർ ജില്ല വഴിയുള്ള മെറ്റൽ റോഡും, കണ്ണിമംഗലം വഴി സഞ്ചാരയോഗ്യമല്ലാത്ത കൂപ്പുറോഡും മാത്രമാണുണ്ടായിരുന്നത്. ഈ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ റോഡുകളൊന്നും ഉണ്ടായിരുന്നില്ല. 1971 ൽ മഞ്ഞപ്രയിൽ നിന്ന് പ്ലാന്റേഷനിലേയ്ക്ക് പുതിയ റോഡ് ഉണ്ടാക്കിയതിന് ശേഷമാണ് ഈ പഞ്ചായത്തിന് പുറം·ലോകവുമായി ബന്ധമുണ്ടായത്.

1961 ൽ വനം വകുപ്പിന്റെ കീഴിൽ ആരംഭിച്ച് 1962 ൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടമായി മാറിയ കാലടി പ്ലാന്റേഷനാണ് ഈ പഞ്ചായത്തിന്റെ മൂന്നിലൊരു ഭാഗം ഉൾക്കൊള്ളുന്നത്. ആദ്യമായി തൊഴിലാളികൾ സംഘടിതമായി താമസമുറപ്പിച്ചതും അവിടെയാണ്. പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലും നല്ലൊരു ഭാഗം പ്ലാന്റേഷൻ തൊഴിലാളികൾ താമസിക്കുന്നുണ്ട്.

പ്ലാന്റേഷൻ തൊഴിലാളികൾ സ്വന്തം ജീവിതാവശ്യങ്ങൾക്കുവേണ്ടി നടത്തിയ ത്യാഗോജ്വലങ്ങളായ സമരങ്ങൾ ഈ പഞ്ചായത്തിലെ സാമൂഹ്യ വളർച്ചയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. 1966 ലും 1972 ലും 1975 ലും നടന്ന നീണ്ടുനിന്ന തൊഴിലാളി സമരങ്ങൾ ഇതിനുദാഹരണങ്ങളാണ്. ക്രൂരമായ പോലീസ് മർദ്ദനങ്ങൾ ഈ സമരങ്ങളിലുണ്ടായിട്ടുണ്ട്. ഇന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് അടക്കം നിരവധി പേർ പോലീസ് മർദ്ദനങ്ങൾക്കിരയായിട്ടുണ്ട്. എ. കെ. ജി., ഈ. എം. എസ്. തുടങ്ങിയ ദേശീയ നേതാക്കൾ ഈ സമരഘട്ടങ്ങളിൽ തൊഴിലാളികൾക്ക് ആശ്വാസമേകാൻ പ്ലാന്റേഷൻ സന്ദർശിച്ചിട്ടുണ്ട്.

ദേശീയ സ്വാതന്ത്ര്യ സമരം പോലുള്ള ഐതിഹാസിക പോരാട്ടങ്ങളിൽ പങ്കാളിയല്ലെങ്കിലും കേരള സംസ്ഥാനത്തിന്റേയും മാതൃരാജ്യത്തിന്റേയും ഉന്നതിക്ക് ഏറെ വിയർപ്പും ചോരയും കണ്ണീരും ചൊരിഞ്ഞ ഒരു ജനതയുടെ വിപ്ലവാവേശം കൊണ്ട് പുളകിതമാണ് ഈ മലയോര പ്രദേശത്തിന്റെ ചരിത്രം.

1996 ലെ

അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് ഭൂപടം



## അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഉൾപ്പെടുന്ന വില്ലേജ് | : | അയ്യമ്പുഴ |
| ബ്ലോക്ക് പഞ്ചായത്ത് | : | അങ്കമാലി |
| ബ്ലോക്ക് ഡിവിഷൻ | : | അയ്യമ്പുഴ |
| താലൂക്ക് | : | ആലുവ |
| അസംബ്ലി മണ്ഡലം | : | അങ്കമാലി |
| വിസ്തീർണ്ണം | : | 4387.96 ഹെക്ടർ |

അതിരുകൾ:–

വടക്കുവശം : ചാലക്കുടി പുഴ

തെക്ക് : മഞ്ഞപ്ര, മലയാററൂർ–നീലീശ്വരം പഞ്ചായത്ത്

കിഴക്ക് : മലയാററൂർ, വേങ്ങൂർ, റിസർവ് ഫോറസ്ററ്

പടിഞ്ഞാറ് : മഞ്ഞപ്ര, കറുകുററി, മൂക്കന്നൂർ, തുറവൂർ പഞ്ചായത്തുകളുടെ ഭാഗങ്ങൾ

ജനസംഖ്യ : 15,620 പുരുഷൻ : 8002 സ്ത്രീ : 7618

പിന്നോക്ക വിഭാഗക്കാർ : 1631

വാർഡുകൾ : ഒൻപത്

പ്രസിഡൻറ് : ശ്രീ. സി. കെ. ഉണ്ണികൃഷ്ണൻ

വൈസ് പ്രസിഡൻറ് : ശ്രീ. വി. പി. ജെയിംസ്

സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ : ശ്രീ. വി. കെ. സുകുമാരൻ

മററു മെമ്പർമാർ:–

1. ശ്രീ. ജി. ഒ. പോൾ
2. ശ്രീ. വി. പി. ചെറിയാൻ
3. ശ്രീ. പി. സി. പൗലോസ്
4. ശ്രീമതി. മേരി രാജു
5. ശ്രീമതി. പെണ്ണമ്മ ജോസ്
6. ശ്രീമതി. ബീന ദേവസി

പഞ്ചായത്ത് സെക്രട്ടറി : ശ്രീ. വി. കെ. തങ്കപ്പൻ

ജനകീയാസൂത്രണം ജില്ലാ റിസോഴ്സ് വ്യക്തികൾ:–

ശ്രീ. ടി. സി. ജോയ്, ശ്രീ. കെ. വി. ജോസ്, ശ്രീ. ഡി. ബിജു, ശ്രീ. കൃഷ്ണൻ നായർ, ശ്രീ. വി. എസ്. പ്രദീപ്, ശ്രീ. ഇ. ഡി. ജോൺസൺ

# ആമുഖം

അധികാരം ജനസേവനത്തിനുള്ള ഉപാധിയാണ്. ഏകാധിപത്യ സംവിധാനത്തിൽ അധികാരം ഒരു വ്യക്തിയിൽ നിക്ഷിപ്തമാണ്. ഈ വ്യവസ്ഥിതിയിൽ അധികാരികൾ ജനങ്ങളുടെ മേലാളന്മാർ ആയി തീരുമെന്നാണ് ചരിത്രം നൽകുന്ന പാഠം. ധാർഷ്ട്യവും കൈയൂക്കും കൊണ്ട് ഏകാധിപതികൾ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കി സാമ്രാജ്യങ്ങൾ വിസ്തൃതമാക്കിയത് നിരപരാധികളുടെ നിണത്തിൽ കുതിർന്ന ചരിത്രമാണ്. ഇവിടെയാണ് ജനാധിപത്യത്തിന്റെ പ്രസക്തി വർദ്ധിക്കുക. ജനാധിപത്യ സംവിധാനത്തിൽ യഥാർത്ഥ അധികാരികൾ ജനങ്ങളാണ്. ഏററവും വലിയ ജനാധിപത്യ രാജ്യമായ ഭാരതത്തിൽ അധികാരികൾ ജനങ്ങളാണെന്ന തത്വം സിദ്ധാന്തങ്ങളിൽ മാത്രം ഒതുങ്ങിപ്പോയി എന്നുകാണാം. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോഴും, ഈ രാജ്യത്തിന്റെ വിഭവങ്ങൾ സാധാരണക്കാരന്റെ ഇലകളിലേക്ക് വിളമ്പിചേർക്കാൻ പര്യാപ്തമായ നടപടികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു എന്നത് ഈ രാജ്യത്തിന്റെ ദുരന്തമാണ്.

അധികാര വികേന്ദ്രീകരണം ജനാധിപത്യത്തിന്റെ ജീവസ്പന്ദമാണ്. ഏററവും താഴേത്തട്ടിലുള്ള പൗരന് നീതി ലഭിക്കണമെങ്കിൽ അധികാരം വിന്യസിക്കപ്പെട്ടേ തീരു. ഈ ധാർമ്മിക ബോധത്തിൽ നിന്നുമാണ് ഗാന്ധിജിയെപ്പോലുള്ളവർ 'പഞ്ചായത്തീരാജ്' സ്വപ്നം കണ്ടത്. പരമനിസ്വനും ആസൂത്രണ പ്രക്രിയയിൽ പങ്കാളിത്വം കിട്ടണം. ഉന്നത സ്ഥാനീയരുടെ വിമുഖതയാലും നിർഭാഗ്യകരങ്ങളായ സംഭവങ്ങളാലും നമുക്ക് അതിന് കഴിഞ്ഞില്ല. ഭരണനേട്ടങ്ങൾ ഉന്നതർ മാത്രം വീതിച്ചെടുത്തു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നടപ്പാക്കിയ എട്ട് പഞ്ചവത്സര പദ്ധതികളും മഹത്തായ പലതും ലക്ഷ്യമിട്ടെങ്കിലും വിഭിന്ന കാരണങ്ങളാൽ ലക്ഷ്യപ്രാപ്തിയുടെ അടുത്തുപോലും എത്തിയില്ല. ഈ പദ്ധതികളുടെ ഗുണകണങ്ങൾ മധ്യവർത്തികൾ തട്ടിയെടുത്തു. അവഗണനയും നിന്ദയും ഭേസി ഭൂരിപക്ഷം വരുന്ന ദരിദ്രർ കൂടുതൽ ദരിദ്രരാക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണ പ്രസ്ഥാനം മഹത്തരമാകുന്നത്. ഒൻപതാം പദ്ധതിയുടെ 40–45% തുകയുൾവരുന്ന വികസന പ്രവർത്തനങ്ങൾ താഴേത്തട്ടിൽ തന്നെ ആസൂത്രണം ചെയ്ത് വർദ്ധിച്ച ജനപങ്കാളിത്വത്തോടെ നടപ്പാക്കുമ്പോൾ ഈ രാജ്യത്തിന്റെ വിഭവങ്ങൾ അത് അർഹിക്കുന്നവന് യഥായോഗ്യം ലഭിക്കുമെന്ന് ഉറപ്പാണ്. തന്മൂലമാണ് സർക്കാരിന്റെ ഇച്ഛാശക്തിയുള്ള ഈ സംരംഭം മററു സംസ്ഥാനങ്ങളും ഉററുനോക്കുന്നത്. ജനങ്ങളുടെ മുൻകൈയിൽ വികസന പ്രവർത്തനങ്ങൾ അരങ്ങേറുമ്പോൾ, പദ്ധതിനടത്തിപ്പുകളോട് നമുക്കിടയിലുണ്ടായിരുന്ന വ്യാപകമായ നിസ്സംഗതാ മനോഭാവം മാറുകയും നമ്മുടെ, ആശയാഭിലാഷങ്ങളോട് ഏററവും അടുത്ത് നിൽക്കുന്ന പഞ്ചവത്സരപദ്ധതി രൂപപ്പെടുകയും ചെയ്യും.

ഒക്ടോബർ മധ്യത്തോടെ അയ്യമ്പുഴ പഞ്ചായത്തിലെ ഒൻപതു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകൾക്ക് അരങ്ങുണർത്താൻ പഞ്ചായത്തിലെ തിരഞ്ഞെടുത്ത അഞ്ചിടങ്ങളിൽ കലാജാഥകൾ നടത്തി. വാർഡുതലത്തിൽ വാർഡുമെമ്പറുടെ നേതൃത്വത്തിൽ സ്വാഗതസംഘം രൂപീകരിച്ചു. വീടുകൾതോറും കയറിയിറങ്ങി സന്നദ്ധ പ്രവർത്തകർ ഗ്രാമസഭകളുടെ പ്രാധാന്യം വിവരിക്കുകയും ക്ഷണകത്ത് ഏൽപ്പിക്കുകയും ചെയ്തു. ബഹുവർണ്ണ പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്തുകൾ എന്നിവയിലൂടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സന്ദേശവും ഗ്രാമസഭകളുടെ തീയതിയും പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയും വെളിപ്പെടുത്തി. ഓരോ ഗ്രാമസഭാ സമ്മേളന ദിനത്തിലും ഉച്ചഭാഷിണിയുമായി വിഭിന്നംബര വാഹനങ്ങൾ സഞ്ചരിക്കുകയും പ്രധാന കവലകളിൽ വിശദീകരണങ്ങൾ നൽകുകയും ചെയ്തു വോട്ടർമാരെ എത്തിക്കുന്നതിന് എല്ലാ ഗ്രാമസഭയിലും വാഹന സൗകര്യം ഏർപ്പെടുത്തിയിരുന്നു.

ഗ്രാമസഭകളിൽ ശരാശരി 240 പേർ പങ്കെടുത്തു. വനിതകൾ അഞ്ചിലൊന്ന് പ്രാതിനിധ്യം വഹിച്ചു. കൃഷി, മൃഗസംരക്ഷണ, ആരോഗ്യ, വനം വാട്ടർ അതോറിട്ടി, പഞ്ചായത്ത് ഉദ്യോഗസ്ഥർ ഗ്രാമസഭകളിൽ സന്നിഹിതരായിരുന്നു. സഹകരണസംഘങ്ങൾ, ക്ലബ്ബുകൾ, ഇതര സംഘടനകൾ എന്നിവയിലെ പ്രതിനിധികളും പങ്കെടുത്തു. ശ്രീ. പി ജെ ജോയി എം എൽ എ. ജില്ലാ മെമ്പർ ശ്രീമതി ലിസി ആൻറണി എന്നിവർ മിക്ക യോഗങ്ങളിലും പങ്കെടുത്തു ഗ്രൂപ്പ് ചർച്ചകൾ സജീവമാക്കാൻ ജില്ലാ പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസ്, ഉദ്യോഗസ്ഥർ, വിവിധ രംഗങ്ങളിലെ അനുഭവ സമ്പന്നർ എന്നിവർ ഏറെ സഹായിച്ചു.

ഗ്രാമസഭ റിപ്പോർട്ടുകളുടെ ക്രോഡീകരണം, നടപ്പുസ്ഥിതികളുടെ അവലോകനം, ദ്വിതീയസ്ഥിതി വിവര കണക്കുകളുടെ ശേഖരണം, ഭൂപ്രകൃതിപഠനം ചരിത്രപഠനം എന്നിവക്കായി വിനിയോഗിച്ച മനുഷ്യപ്രയത്നം ഏറെയാണ്. 15 പേർ അടങ്ങുന്ന പഠനപര്യടനസംഘം പഞ്ചായത്തിലുടനീളം നടന്നാണ് (Transect walk) വിഭവഭൂപടത്തിന്റെ കേവല മാതൃക ഉണ്ടാക്കിയത്. വിഭിന്ന വകുപ്പ് ഉദ്യോഗസ്ഥർക്കു പുറമെ, ഈ മണ്ണിൽ ജനിച്ചുവളർന്നവരും കുടിയേറി പാർത്തവരുമായ തലമുറയിലെ മുതിർന്നവരുമായുള്ള അഭിമുഖങ്ങളും ഗണ്യമായ സംഭാവനകളാണ് നൽകിയത്.

തുടർന്നുള്ള നടപടികളിലും ഏവരുടേയും പങ്കാളിത്തം പ്രതീക്ഷിക്കുകയാണ്.

## അയ്യമ്പുഴ പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്ഥാപനങ്ങൾ

(പട്ടിക 1)

| | സ്ഥാപനം | ജീവനക്കാർ | ലൊക്കേഷൻ |
|---|---|---|---|
| 1 | ഫോറസ്റ്റ് സ്റ്റേഷൻ | 46 | അയ്യമ്പുഴ, കണ്ണിമംഗലം, അതിരപ്പിള്ളി A&F, 9-ാം ബ്ലോക്ക് |
| 2 | പ്രാഥമികാരോഗ്യകേന്ദ്രം | 20 | ചുള്ളി |
| 3 | കൃഷി ഓഫീസ് | 4 | ചുള്ളി |
| 4 | മൃഗാശുപത്രി | 4 | ഉപ്പുകല്ല് |
| 5 | ഗവ. എൽ. പി. എസ്. | 5 | ചുള്ളി |
| 6 | പോസ്റ്റാഫീസ് | 9 | അയ്യമ്പുഴ, ചുള്ളി, കാലടി പ്ലാന്റേഷൻ |
| 7 | വില്ലേജ് ആഫീസ് | 4 | കട്ടിംഗ് |
| 8 | ടെലിഫോൺ എക്സ്ചേഞ്ച് | 2 | അയ്യമ്പുഴ |
| 9 | പോലീസ് സ്റ്റേഷൻ | 28 | അയ്യമ്പുഴ |

അധ്യായം 2

# ഭൂപ്രകൃതിയും വിഭവങ്ങളും

**ഭൂപ്രകൃതിയനുസരിച്ച് അയ്യമ്പുഴ ഗ്രാമപഞ്ചായത്തിനെ**

1 **കുന്നുകൾ** (19%)
2 **സമതലങ്ങൾ** (16.8%)
3 **ചരിവുകൾ** (50%)
4 **വനങ്ങൾ** (11%)
5 **പാറ** (3%)
6 **ചതുപ്പ്** (0.2%)

**എന്നിങ്ങനെ തരംതിരിക്കാം**

## 1 കുന്നുകൾ

പഞ്ചായത്തിന്റെ അതിർത്തികളിലും അതിർത്തികൾക്കിടയിലും കുന്നുകൾ ഉണ്ട്. ഈ കുന്നുകളിൽ നാമമാത്രമായ സ്ഥലമേ തരിശായി കിടക്കുന്നുള്ളൂ. റബ്ബർ, തേക്ക് തുടങ്ങിയ സസ്യങ്ങൾ വളരുന്നു. പാറകൾ സമൃദ്ധമായ ഇടങ്ങളിൽ പാറമടകൾ പ്രവർത്തിക്കുന്നു. താണിക്കോട്, തട്ടുപാറ, കന്തിരിമുടി, താടിമുടി, പൂണിപ്പാറ, കിളിക്കാട്, ഐ. ബി. കുന്ന്, പോർക്കുന്നുപാറ, മുട്ടംമുടി എന്നിവയാണ് പ്രധാന കുന്നുകൾ. താണിക്കോട്മുടി പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ചുള്ളി, എരപ്പ് എന്നീ ഭാഗങ്ങളിലേക്കും മുടിയുടെ തെക്കു കിഴക്കു ഭാഗം അമലാപുരം പ്രദേശത്തേക്കും വ്യാപിച്ചുകിടക്കുന്നു. പാറകൾ നിറഞ്ഞ ഈ കുന്നിൻ പ്രദേശത്ത് ചരിത്രപ്രസിദ്ധമായ തട്ടുപാറ സെന്റ് തോമസ് ചർച്ച് ഉയർന്നുനിൽക്കുന്നു. റബ്ബർ, തേങ്ങ എന്നിവയും വളരെ ചുരുങ്ങിയ അളവിൽ മാഞ്ചിയവും വളരുന്നു. ആംപാർപ്പ് ഈ കുന്നിന്റെ ഇരു ചരിവുകളിലുമുണ്ട്. കുന്നിന് കിഴക്കുവശം ഹരിജൻ കോളനിയിൽ 20 കുടുംബങ്ങൾ പാർക്കുന്നു. ജലലഭ്യത തീരെ കുറഞ്ഞ ഇവിടെ വൈദ്യുതിയും ഭാഗികമായേ എത്തിയിട്ടുള്ളൂ.

കന്തിരിമുടി അയ്യമ്പുഴ-കട്ടിംഗ്-പോട്ട പ്രദേശങ്ങൾക്കിടയിലാണ്. കന്തിരിമുടിയുടെ ഒരു ഭാഗം റിസർവ് വനമാണ്. കേരള വാട്ടർ അതോറിട്ടിയുടെ ഒരു റിസർവോയർ (1,50,000 ലിററർ കപ്പാസിററി) ഇവിടെ ഉണ്ട്. ഈ ടാങ്കിൽ നിന്നുമാണ് ചുള്ളി, അയ്യമ്പുഴ, കട്ടിംഗ്, കോടാലി, എരപ്പ്, ഒലിവേലി, പോർക്കുന്നുപാറ പ്രദേശങ്ങളിലേക്ക് ജലവിതരണം നടത്തുന്നത്. ഈ പ്രദേശത്ത് 350 കുടുംബക്കാർ താമസിക്കുന്നുണ്ട്. ഈ പ്രദേശങ്ങളൊന്നും വേനലിന്റെ കെടുതികളിൽ നിന്നും മുക്തമല്ല.

കുന്നിൻ ചരിവുകളിലെ വിളഭൂമികൾ നേരിടുന്ന പ്രധാന പ്രശ്നം രൂക്ഷമായ മണ്ണൊലിപ്പാണ്. കേന്ദ്രസർക്കാരിന്റെ പദ്ധതിയായി കയ്യാല നിർമ്മാണത്തിന് വലിയ തോതിലുള്ള സംരംഭങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവ പിന്നോക്ക വിഭാഗക്കാർക്കായി പരിമിതപ്പെടുത്തിയിരുന്നതുകൊണ്ട് ഫലപ്രദമായില്ല. കുന്നിൻചരിവുകളെ തട്ടുകളായി തിരിച്ചുകൊണ്ടും മററും മണ്ണൊലിപ്പ് നിയന്ത്രിച്ച് ഈ പ്രദേശങ്ങളെ മണ്ണൊലിപ്പിന്റെ കെടുതികളിൽ നിന്നും അടിയന്തിര പ്രാധാന്യത്തോടെ സംരക്ഷിക്കേണ്ടതുണ്ട്. മഴവെള്ളം വളരെ വേഗം ഒലിച്ചുപോകുന്ന ഈ ചരിവുകളിൽ ജലം കിനിഞ്ഞിറങ്ങുന്നതിന് ആവശ്യമായ ചില നടപടികളും അനിവാര്യമാണ്.

## 2 സമതലങ്ങൾ

അമലാപുരം, ചാത്തക്കുളം, ഉപ്പുകല്ല്, കടുകളങ്ങര, ചുള്ളി, കൊല്ലക്കോട്, പാണ്ടുപാറ ഭാഗങ്ങളിലാണ് സമതല പാടശേഖരങ്ങൾ ഉള്ളത്. ഫലഭൂയിഷ്ഠമാണ് ഈ സമതല പ്രദേശങ്ങൾ.

## 3 ചരിവുകൾ

വിസ്തൃതിയിൽ ഭൂവിഭാഗത്തിന്റെ പകുതിയോളം വരുന്ന ചരിവുകൾ കുന്നുകളെ താഴ്വരകളുമായി ബന്ധിപ്പിക്കുന്നു. ചരൽ, പാറ എന്നിവ അധികം കലർന്ന വെട്ടുകൽമണ്ണാണ് ഇവിടെ അധികമായി കാണപ്പെടുന്നത്. കുത്തനെയുള്ള ചരിവുകൾ അധികമാണെങ്കിലും ഭൂമി ഊഷരമല്ല. ഇത്തരം ചരിവുകളിൽ റബ്ബർ, കശുമാവ് എന്നിവയും താഴ്വരയോട് അടുത്ത ചരിവുകളിൽ തെങ്ങ്, പ്ലാവ്, മാവ് എന്നിവയും ധാരാളമുണ്ട്.

## 4 പാറ

വിസ്തൃതിയിൽ 3% വരുന്ന പ്രദേശങ്ങൾ പാറ നിറഞ്ഞതാണ്. ഇവിടെ സസ്യങ്ങളൊന്നും വളരുന്നില്ല. പാറമടകൾ ഈ ഭാഗങ്ങളിൽ സാന്ദ്ര

മാണ്. തട്ടപാറ, താണിക്കോട്, കടുകുളങ്ങര, വെള്ളച്ചാൽ, കട്ടിംഗ്, പോട്ട, മഞ്ഞ ന, ചുള്ളി, ഒലിവേലി, പോർക്കുന്നുപാറ, ചീനംചിറ എന്നീ ഭാഗങ്ങളിലായി 150 പാറമടകൾ പ്രവർത്തിക്കുന്നു 1500 തൊഴിലാളികൾ പ്രത്യക്ഷമായി ഈ മേഖലയിൽ പ്രവൃത്തിയെടുക്കുന്നു. ഫോറസ്റ്റ് ഏരിയായിൽ പ്രവർത്തിക്കുന്ന പാറമടകൾ കാടിന്റെ സ്വഭാവികതയ്ക്കും ഭീഷണിയായി വളർന്നേക്കും എന്ന ആശങ്കയുണ്ട്.

## 5 ചതുപ്പുനിലം

പഞ്ചായത്തിന്റെ വടക്കുഭാഗത്ത് കല്ലാല, അതിരപ്പിള്ളി എസ്റ്റേറ്റുകളിൽ 10 ഏക്കർ ഭൂമി മാത്രമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. പൂർണ്ണമായും ചതുപ്പുനിലത്തിന്റെ സവിശേഷതകൾ പ്രകടിപ്പിക്കുന്നുമില്ല.

### മൺതരം

ഭൂരിഭാഗം പ്രദേശങ്ങളും ലാറ്ററേറ്റ് മണ്ണ് നിറഞ്ഞവയാണ്. ഗ്രാനൈറ്റ്, ഫോറസ്റ്റ് സോയിൽ, കളിമണ്ണ് എന്നിവയും ഉണ്ട്. കണ്ണിമംഗലം, പാണ്ടപാറ പ്രദേശങ്ങൾ ഫോറസ്റ്റ് സോയിൽ കലർന്ന വളക്കൂറുള്ള മണ്ണാണ്. താണിക്കോട്, ഒലിവേലി പ്രദേശത്ത് ഭാഗികമായി കറുത്ത മണ്ണ് കാണപ്പെടുന്നു. മൂലേപ്പാറ ഭാഗം പശിമരാശി മണ്ണാൽ സമ്പുഷ്ടമാണ്. പഞ്ചായത്തിന്റെ ഇതര ഭാഗങ്ങൾ ചെമ്മണ്ണും ചരലും ഗ്രാനൈറ്റും കലർന്നവയാണ്. അസിഡിറ്റി കൂടുതലായതിനാൽ കൃഷിക്കാർ കുമ്മായം, ചാരം എന്നിവയുടെ ഉപയോഗം വ്യാപകമാണ്. മണ്ണിൽ അധികമായി അടങ്ങിയിരിക്കുന്നമൂലകം ഫോസ്ഫറസാണ്. നൈട്രജൻ, പൊട്ടാസ്യം കുറവാണ് .

### കാലാവസ്ഥ

പൊതുവായ ഉഷ്ണകാലാവസ്ഥയാണ് പഞ്ചായത്തിൽ അനുഭവപ്പെടുന്നത്. ഒരു വർഷത്തിൽ സമാസമം വെയിലും മഴക്കാലവും കിട്ടുന്നതായാണ് പൊതു അനുഭവം. ഡിസംബർ മുതൽ ജനുവരി മധ്യം വരെ തണുപ്പും അനുഭവപ്പെടുന്നു. ജൂൺ മുതൽ നവംബർ വരെയുള്ള ആദ്യ കാലയളവിൽ ശക്തമായും പിന്നീടുള്ള കാലയളവിൽ മിതമായ തോതിലും മഴ കിട്ടുന്നു. ശരാശരി ഒരു വർഷം .........സെ. മീ. മഴ കിട്ടുന്നു. ഏപ്രിൽ – മെയ് മാസങ്ങളിൽ താപനില ......... ആയി ഉയരുന്നു. ഡിസംബർ – ജനുവരി മാസങ്ങളിൽ താപനില.........ആയി കുറയും ഇടവപ്പാതി മഴയാണ് കൂടുതൽ കിട്ടുന്നത്.

### അയ്യമ്പുഴ പഞ്ചായത്തിലെ ശരാശരി ഊഷ്മാവ് വിവിധ മാസങ്ങളിലേത് (Deg. Celsius)

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | Maximum | 30.2 | 32.3 | 32.6 | 33.0 | 31.0 | 30.2 | 29.1 | 29.4 | 30.1 | 31.0 | 31.0 | 32.3 |
| | Minimum | 22.0 | 23.7 | 25.4 | 25.7 | 24.9 | 24.5 | 23.3 | 23.9 | 24.5 | 24.3 | 23.8 | 23.3 |
| 1991 | Maximum | 31.9 | 32.1 | 32.6 | 33.1 | 33.5 | 29.6 | 29.9 | 29.3 | 30.5 | 30.6 | 31.8 | 31.5 |
| | Minimum | 23.5 | 23.8 | 25.8 | 25.7 | 26.6 | 24.6 | 23.7 | 23.6 | 24.9 | 24.1 | 24.0 | 22.3 |
| 1992 | Maximum | 31.3 | 31.0 | 32.2 | 33.2 | 32.2 | 30.5 | 28.8 | 29.0 | 29.7 | 29.7 | 30.6 | 31.5 |
| | Minimum | 21.3 | 24.1 | 25.0 | 26.2 | 25.5 | 24.5 | 23.3 | 23.9 | 23.9 | 24.1 | 24.0 | 22.4 |
| 1993 | Maximum | 30.9 | 31.2 | 32.3 | 32.8 | 32.5 | 30.1 | 28.7 | 29.7 | 30.4 | 30.2 | 30.6 | 31.3 |
| | Minimum | 21.2 | 23.0 | 25.3 | 25.5 | 25.3 | 24.5 | 23.3 | 24.3 | 24.3 | 24.0 | 24.3 | 23.5 |
| 1994 | Maximum | 30.8 | 31.6 | 32.4 | 32.5 | 32.2 | 30.0 | 29.3 | 29.5 | 30.8 | 30.9 | 31.7 | 31.9 |
| | Minimum | 22.9 | 24.7 | 25.3 | 25.2 | 26.0 | 24.1 | 23.4 | 23.9 | 24.3 | 23.8 | 24.2 | 22.9 |

അധ്യായം 3

# ജീവജാലങ്ങൾ

വൈവിധ്യമാർന്ന ജീവികളെക്കൊണ്ട് അനുഗ്രഹീതമാണ് അയ്യമ്പുഴ പഞ്ചായത്തിന്റെ ഭൂപ്രകൃതി. പാണ്ടുപാറ, താടിമുടി, അതിരപ്പിള്ളി വനങ്ങളിൽകാട്ടുപന്നി, കടുവ, കുറുക്കൻ, ചെന്നായ്, മ്ലാവ്, മുള്ളൻപ്പന്നി, ഉടുമ്പ്, ഈനാംപേച്ചി, കുരങ്ങ്, മരപ്പട്ടി, മാൻ എന്നിവയും അപൂർവ്വമായി കാട്ടാനകളും ഉണ്ട്. ആദ്യകാലങ്ങളിൽ വേട്ടക്കാരുടെ ആക്രമണങ്ങളിൽ നിന്നും ഈ വന്യസമ്പത്ത് മോചിതമായിരുന്നില്ല. ഇപ്പോൾ ഫലപ്രദമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ അധികാരികൾക്ക് കഴിഞ്ഞിട്ടുണ്ട്. കുറേക്കൂടി ശക്തമായ നടപടികൾ ഉണ്ടായിയെങ്കിൽ,മാത്രമേ ജീവികളുടെ ആവാസത്തിന് അനുഗുണമായ സ്ഥിതിവിശേഷം സംജാതമാക്കാനാവൂ.

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ ചാലക്കുടി പുഴ, അയ്യമ്പുഴ തോട്, കോതായിതോട്, ചുള്ളിത്തോട് എന്നിവയിലായി ചെറിയ അളവിൽ മത്സ്യങ്ങളും ലഭ്യമാണ്. പരൽ,വാരാൽ, മുഴി, കറൂപ്പ്, കല്ലട, മുഴിമഞ്ഞിൻ, ആര ചേറോൻ കുറവ എന്നിവയാണ് സാധാരണ കാണപ്പെടുന്ന മത്സ്യങ്ങൾ,

വിഭിന്ന വർഗ്ഗ പാമ്പുകളും എലികളും തവളകളും ധാരാളം ഉണ്ട്. മലമ്പാമ്പ്, മൂർഖൻ, അണലി ശംഖുവരയൻ, ചേനത്തണ്ടൻ, നീർക്കോലി എന്നിവ സർവ്വസാധാരണയായി കണ്ടുവരുന്ന ഉരഗങ്ങൾ. തേൾ, പഴുതാര എന്നീ ക്ഷുദ്രജീവികളും ഉണ്ട്. പല്ലികൾ, തവളകൾ എന്നിവ കീടനിയന്ത്രണത്തിന് സഹായിക്കുന്നു. ചേര എലിശല്യം പരിമിതപ്പെടുത്തുന്നു. വിവിധയിനം കീടങ്ങൾ, എലി എന്നിവയ്ക്ക് പെരുകുവാൻ അനുയോജ്യമായ സ്ഥലങ്ങൾ ലഭ്യമാകുന്നതിനാൽ ഇവയെ ഉന്മൂലനം ചെയ്യാൻ കഴിയുന്നില്ല, ഫലപ്രദമായ സംരംഭങ്ങൾ ഈ രംഗത്തുണ്ടായിട്ടുമില്ല.

പലജാതി ചിത്രശലഭങ്ങളും അയ്യമ്പുഴയിൽ ദൃശ്യമാണ്. മഞ്ഞ, നീല, വർണ്ണശബളിതമായവ എന്നിവയിൽ മഞ്ഞനിറത്തിലുള്ള ചെറിയ ശലഭങ്ങളാണ് അധികം. ഇവ കൂട്ടത്തോടെ പ്രത്യക്ഷപ്പെടുന്നു. വണ്ടുകൾ, തുമ്പികൾ എന്നിവയും ഉണ്ട്. കരിവണ്ടുകൾ, ആനത്തുമ്പി, ഓണത്തുമ്പി എന്നിവ സർവ്വസാധാരണമാണ്. ചിലന്തികൾ എങ്ങും കാണാം.

തെങ്ങിനെ അതിക്രമിക്കുന്ന വിവിധ കീടങ്ങൾ മററു പ്രദേശങ്ങളെ അപേക്ഷിച്ച് കുറവാണ്. നെല്ലിനും കീടബാധ നിയന്ത്രണാധീനമാണ്.

## വളർത്തുമൃഗങ്ങൾ

വളർത്തു മൃഗങ്ങളായ പന്നി, മുയൽ, പശു, ആട് കാള, എരുമ, പൂച്ച, പട്ടി എന്നിവ ഗുണനിലവാരത്തിൽ സംസ്ഥാന ശരാശരിയെ കൈവരിക്കാൻ അയ്യമ്പുഴ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. നാടൻ ഇനങ്ങളാണ് അധികവും. പ്രതിരോധ ശേഷി വർദ്ധിക്കുമെങ്കിലും ഉല്പാദനശേഷി പശു, എരുമ എന്നിവയ്ക്ക് കുറവാണ്.

1996 ലെ കാനേഷുമാരി കണക്കെടുപ്പ് പ്രകാരം അയ്യമ്പുഴ പഞ്ചായത്തിൽ

| | |
|---|---|
| നാടൻ കന്നുകാലികൾ | 2069 |
| സങ്കരയിനം കാലികൾ | 1990 |
| എരുമ | 0037 |
| പോത്ത് | 0012 |
| ആട് | 3800 |
| പട്ടി | 1200 |
| പൂച്ച | 1418 |

വളർത്തു പക്ഷികളായ കോഴി, താറാവ്, തത്ത എന്നിവയുടെ കണക്കുകൾ 1996 കാനേഷുമാരി കണക്കുപ്രകാരം

| | |
|---|---|
| ആകെ കോഴികൾ | 19300 |
| പൂവൻ കോഴികൾ | 300 |
| പിടക്കോഴികൾ മുട്ടയിടുന്നത് | 15000 |
| പിടക്കോഴി മുട്ടയിടാത്തവ | 4000 |

താറാവ് ആൺ / പെൺ ലഭ്യമല്ല. തത്തകൾ ഏകദേശം 20, കാട മൈന എന്നിവ ഇല്ല.

വളർത്തു പക്ഷികൾക്കു പുറമെ, കാടുകളിലും തൊടികളിലുമായി കുയിൽ, കുരുവി, പരുന്ത്,

റ്റുണ്ണാത്തീപ്പുള്ള്, ചെമ്പോത്ത്, കാക്ക, കൊക്ക് നീലപ്പൊൻമാൻ എന്നീ പക്ഷികളേയും കാണാം. പുത്താംകീരി, തത്ത, എന്നിവയും ഉണ്ട്.

കൃഷിക്കാവശ്യമായ ഭൂവിഭാഗത്തിൻെറ സിംഹ ഭാഗവും നാണ്യവിളകൾക്കാണ് വിനിയോഗിക്കപ്പെടുന്നത്. റബർ, കശുമാവ്, കൊക്കോ, കമുക്, തെങ്ങ് എന്നിവയും കച്ചൂരം, ഇഞ്ചി, കരയാമ്പു, ജാതി എന്നീ സുഗന്ധ വ്യഞ്ജനങ്ങളും പച്ചക്കറികളും, വാഴ, പൈനാപ്പിൾ മുതലായ പഴവർഗ്ഗങ്ങളും കൃഷി ചെയ്യുന്നുണ്ട്. മരച്ചീനി ഈ പഞ്ചായത്തിലെമുഖ്യവിളയായിരുന്നു. റബ്ബറിൻെറ വ്യാപകമായ കൃഷിയോടെ മരച്ചീനി പിന്തള്ളപ്പെട്ടു.

## കാർഷിക ഭൂവിനിയോഗം

| ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| റബ്ബർ | 1450 |
| തെങ്ങ് | 410 |
| നെല്ല് | 240 |
| കുരുമുളക് | 170 |
| ഇഞ്ചി | 120 |
| പൈനാപ്പിൾ | 85 |
| വാഗ | 80 |
| മഞ്ഞൾ | 60 |
| കശുമാവ് | 40 |
| എള്ള് | 30 |
| കമുക് | 30 |
| പച്ചക്കറി | 20 |
| പയർ | 10 |
| മരച്ചീനി | 10 |
| ജാതി | 9 |
| കൊക്കോ | 4 |
| കരയാമ്പൂ | 0.5 |
| വെററിലക്കൊടി | 25 സെൻറ് |
| മാംബഴി | 1 സെൻറ് |
| ഔഷധ സസ്യങ്ങൾ | 10 സെൻറ് |
| കച്ചൂരം | ഹെക്ടർ |

അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിൽ മൊത്തം 4291 വീടുകളാണുള്ളത്. അതായത് ശരാശരി വീടൊന്നിന് 3.62 ആളുകൾ വീതം. സംസ്ഥാന ശരാശരി 5.6 ആണ്. ജനസാന്ദ്രത 356/5s.km.

നിരക്ഷരരുടെ എണ്ണം തുച്ഛമാണ്. സാക്ഷരതാ നിരക്ക് 80% വരും. 15 വയസ്സിനു മേൽ പ്രായമുള്ളവരിൽ 20% S. S. L. C പാസായവരാണ്. ബിരുദധാരികൾ 200, ബിരുദാനന്തര ബിരുദധാരികൾ 35, സാങ്കേതിക വിദ്യാഭ്യാസം നേടിയവർ 81 പ്രൊഫഷണൽ ബിരുദം നേടിയവർ 2 പ്രൈമറി വിദ്യാഭ്യാസമെങ്കിലും സിദ്ധിക്കാത്തവർ 12% ഉണ്ട്.

മൊത്തം ജനസംഖ്യയുടെ 46% ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. അവരിൽ 21% പേർ ഭൂരിഭാഗം ദിനങ്ങളിലും പണിയില്ലാത്ത ഭാഗിക തൊഴിലാളികളാണ്.

തൊഴിലാളികളുടെ മേഖലാവിതരണമെടുത്താൽ ഏററവും പ്രധാനമായ നിരീക്ഷണം വ്യവസായ മേഖല കുറവാണ് എന്നതാണ്. കാർഷിക മേഖലയിൽ കൂലിക്കാരാണധികവും. ചെറുകിട കർഷകർ, നാമമാത്രമായ അവരുടെ ഭൂമിയിൽ സ്വയം തൊഴിലെടുക്കുന്നു. ഏററവും കൂടുതൽ തൊഴിൽ നൽകുന്ന സംരംഭം ഈ പഞ്ചായത്തിലെ റബ്ബർ പ്ലാൻേറഷൻ കോർപ്പറേഷനാണ്.

പനമ്പുനെയ്ത്ത്, കുട്ടനെയ്ത്ത്, എന്നിവയിൽ ഉപജീവനം നടത്തുന്നവർ 800 പേർ ഉണ്ട്. വളരെ വലിയ ഒരു വിഭാഗം സ്വകാര്യതോട്ടങ്ങളിൽ ടാപ്പിംഗ് ജോലി അനുഷ്ഠിക്കുന്നുണ്ട്. ഇവരിൽ സ്ത്രീകൾ നാമമാത്രമാണുള്ളത്.

നാടൻ കന്നുകാലികൾ 1987 ലെ കണക്കപ്രകാരം 2114 ആയിരുന്നു. സങ്കരയിനം 769 എണ്ണവും. സാരമായ ഒരു ഉയർച്ച സങ്കരയിനം കന്നുകാലികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുണ്ട്. നാടൻ കന്നുകൾ 10 വർഷത്തിനിടയിൽ 145 എണ്ണം മാത്രമാണ് കുറഞ്ഞത്. സങ്കരയിനം കന്നുകൾ 1221 എണ്ണം വർദ്ധിച്ചു. എരുമകളുടെ എണ്ണത്തിൽ കുറവാണ് അനുഭവപ്പെട്ടത്. വേനൽക്കാല പരിചരണം സുഗമമല്ലാത്തതാവാം പ്രധാന കാരണം. പോത്തുകളുടെ സംരക്ഷണവും ഇക്കാലത്ത് ദുഷ്കരമാണ്.

വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും താരതമ്യ വളർച്ച കാനേഷുമാരി കണക്കുകൾ പ്രകാരം ഇനി ചേർക്കുന്നു.

## വളർത്തുമൃഗങ്ങളും പക്ഷികളും

| ഇനം | 1987 വർഷം | 1996 വർഷം |
|---|---|---|
| നാടൻ കന്നുകാലികൾ | 2214 | 2069 |
| സങ്കരയിനം കന്നുകൾ | 769 | 1990 |
| എരുമ കറവയുള്ളത് | 61 | 37 |
| ,, കറവയില്ലാത്തത് | ലഭ്യമല്ല | ലഭ്യമല്ല |
| കാള നാടൻ വംശവർദ്ധനവ് | ,, | ,, |
| പശു നാടൻ കറവയുള്ളത് | ,, | ,, |
| പശു നാടൻ കറവയില്ലാത്തത് | ,, | ,, |
| പോത്ത് | ,, | 12 |
| ആട് | ,, | 3800 |
| പട്ടി | ,, | 1200 |
| പൂവൻകോഴി | 200 | 300 |
| പിടക്കോഴി മുട്ടയിടുന്നത് | 14000 | 15000 |
| പിടക്കോഴി മുട്ടയിടാത്തത് | 3100 | 4000 |
| താറാവ് ആൺ | ലഭ്യമല്ല | ലഭ്യമല്ല |
| താറാവ് പെൺ | ,, | ,, |

## കാർഷീക ചരിത്രം

അയ്യമ്പുഴ പ്രദേശം 30 വർഷങ്ങൾക്കുമുമ്പ് വനമായിരുന്നു. ഇവിടെ പറയത്തക്ക കൃഷികൾ ഒന്നും ഉണ്ടായിരുന്നില്ല. 1930 കളിൽ കാലടി അദ്വൈതാശ്രമം വകയുമായി ബന്ധപ്പെട്ടും പിന്നീട് 1960 കളിൽ കാലടി പ്ലാന്റേഷൻ റബ്ബർ നടീലുമായി ബന്ധപ്പെട്ടുമാണ് വൻതോതിൽ ജനപ്രവാഹം ഉണ്ടായത്. ഇടുക്കി ഡാം നിർമ്മാണ പ്രക്രിയയ്ക്കുവേണ്ടി കുടിയൊഴിക്കപ്പെട്ടവരെ അയ്യമ്പുഴ ഭാഗത്താണ് പുനഃരധിവസിപ്പിച്ചത്. മരച്ചീനിയായിരുന്നു ഇവിടത്തെ പ്രധാന വിള. പാലാ ഭാഗത്തു നിന്നും വലിയ തോതിലുള്ള ഒരു ചേക്കേറൽ ഈ പ്രദേശത്തേക്കുണ്ടായി. അവരാണ് ഇഞ്ചി, റബ്ബർ എന്നീ വിളകൾ സർവ്വസാധാരണമാക്കിയത്. ചുരുങ്ങിയ കാലം കൊണ്ട്, ധ്രുതഗതിയിലുള്ള വളർച്ചയാണ് കാർഷീക രംഗത്തുണ്ടായത്. റബ്ബറിന്റെ വ്യാപകമായ വർദ്ധനവോടെ മററുവിളകളെല്ലാം പിന്തള്ളപെട്ടുപോയി.

1987 സെപ്റ്റംബർ 1-ാം തീയതി മുതൽ കൃഷിഭവൻ പ്രവർത്തനമാരംഭിച്ചു. സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് ആദ്യം കട്ടിംഗിലും പിന്നീട് ചുള്ളിയിലേയ്ക്കും മാററി സ്ഥാപിക്കേണ്ടി വന്നു. കാർഷിക മേഖലയിലുള്ള ത്വരിതഗതിയിലുള്ള വളർച്ചക്ക് സഹായമായ നിർദ്ദേശങ്ങൾ കൃഷിഭവൻ നൽകിവരുന്നു.

കാർഷികരംഗം പരിശോധിക്കുമ്പോൾ കൃഷിയുടെ വ്യാപനം എടുത്തുപറയത്തക്കതാണ്. വിളക്രമങ്ങളിലും പ്രകടമായ വ്യതിയാനങ്ങൾ സംജാതമായിട്ടുണ്ട് ഇടക്കാലവിളകൾ പലതും റബ്ബറിന് വഴിമാറി. റബ്ബർ റീപ്ലാന്റിംഗ് സമയം മുതൽ 2 വർഷക്കാലമേ ഇടവിളകൾക്ക് ആ മണ്ണ് യോജിക്കുകയുള്ളു. അതുകൊണ്ട് ഭൂരിഭാഗം തോട്ടങ്ങളിലും ഇടവിളകളില്ല. കൃഷിയിടങ്ങൾ റബ്ബറിന്റെ പ്രധാന വിളയായി മാറുന്നതിന് നാന്ദി കുറിക്കുന്നത് 1975 കളിലാണ് റബ്ബറിന് ഏററെയോജിച്ച ഈ പ്രദേശത്ത് റബ്ബർ കൃഷി വ്യാപകമായത് അടുത്തകാലത്താണെന്നത് ആശ്ചര്യജനകമാണ്. കുടിയേറിപാർത്തവരും പാർപ്പിക്കപ്പെട്ടവരും മരച്ചീനി, വാഴ എന്നീ കൃഷികളിലാണ് ശ്രദ്ധയൂന്നിയിരുന്നത്.

## വിളചേരുവ

നെല്ല്, വാഴ, എള്ള്, പാവൽ, പയർ എന്നിങ്ങനെയായിരുന്ന പാടങ്ങളിലെ സാധാരണ വിളക്രമം. ഇരുപ്പൂകൃഷി തീരുമ്പോൾ പാടം ഉഴുതു മറിച്ച് എള്ള് വിതറുന്നു. അടുത്തപൂ കൃഷിയിറക്കുന്ന ഇടവേളയിൽ എള്ളിനുപുറമെ പയർ, മുതിര എന്നിവയും ചിലയിടങ്ങളിൽ കൃഷി ചെയ്തു വന്നിരുന്നു.

പ്രചുരപ്രചാരം എള്ളിനു തന്നെയാണ് പുരയിട കൃഷിയിലും ഈ കാലയളവിനുള്ളിൽ അനിഷേധ്യമായ മാററങ്ങൾ വന്നിട്ടുണ്ട്. പ്ലാവ്, മാവ്, കപ്പ, വാഴ, പച്ചകറികൾ, തെങ്ങ്, ചാമ എന്നിവ കൃഷി ചെയ്തു വന്നിരുന്ന പുരയിടങ്ങളിൽ പ്ലാവ്, മാവ്, തെങ്ങ് എന്നിവ മാത്രമായി കൃഷി ആദ്യകാലങ്ങളിൽ പുൽതൈലം ഈ പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്നുണ്ടായിരുന്നു.

## ഉല്പാദനക്ഷമത

ലാഭകരമായ രീതിയിൽ ഉല്പാദനക്ഷമത പ്രദാനം ചെയ്യുന്ന വിളകൾ റബ്ബർ, തെങ്ങ്, പൈനാപ്പിൾ, പ്ലാവ്, കമുക്, ഇഞ്ചി, മഞ്ഞൾ കച്ചൂരം എന്നിവയാണ്. നെൽകൃഷി അത്ര ലാഭകരമല്ല. വർദ്ധിച്ചകൂലി, ജലദൗർല്ലഭ്യം, വളവില വർദ്ധന എന്നിവ ഇതിന് കാരണങ്ങളാണ് നെല്ല് ഒരു ഹെക്ടറിന് 2200 കി. ഗ്രാം ഉല്പാദിപ്പിക്കാം.

എല്ലാ വിളഭൂമിയുടേയും ചെറിയ ചെറിയ തുണ്ടുകൾ മാത്രമാണ് ഓരോ കർഷകനും കൈവശമായിട്ടുള്ളത്. വേലികളും, മതിലുകളും, കയ്യാലകളും കൃഷി ഭൂമിയെ തൻമൂലം അപഹരിച്ചിരിക്കുന്നു. ഇത് ഉല്പാദനത്തെ, ഭൂവിസ്തൃതിയെ ആപേക്ഷികമായെടുക്കുമ്പോൾ കുറച്ചിട്ടുണ്ട്. അയ്യമ്പുഴ പഞ്ചായത്തിലെ ഇന്നത്തെ കാർഷികവ്യവസ്ഥയുടെ പ്രധാന സവിശേഷത, ചെറുകിട ഭൂവുടമസ്ഥരുടെ മുൻതൂക്കവും കൃഷിഭൂമിയുടെ തുണ്ടുവൽക്കരണമാണ്. പഞ്ചായത്തിൽ പട്ടണങ്ങളിലെപ്പോലെ ശാസ്ത്രീയമായ കാർഷീകമുറകൾ നടപ്പാക്കാൻ കഴിയാത്തവിധം രൂക്ഷമല്ല ഈ പ്രശ്നമെന്നു മാത്രം

അയ്യമ്പുഴ പ്രദേശത്തെ തെങ്ങുകളിൽ വർഷാവർഷം ശരാശരി ഉല്പാദനം 28 തേങ്ങകളാണ് (സംസ്ഥാന ശരാശരി 38 തേങ്ങ)

തെങ്ങിന്റെ ഉല്പാദനക്ഷമത കുറയാനുള്ള പ്രധാന കാരണം ജലസേചന സൗകര്യമില്ലാത്തതാണ്. വർഷപാതത്തെ മാത്രം ആശ്രയിച്ചു നിൽക്കുന്ന തെങ്ങുകൾ പ്രതിരോധശേഷി പ്രകടിപ്പിക്കുന്നുവെന്നത് ആശ്വാസപ്രദംതന്നെ. കാററ് വീഴ്ചയാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന പ്രശ്നം. റബ്ബറിന് പട്ടമരവിപ്പ്, കുരുമുളകിന് ധ്രുതവാട്ടം (Quick Wilt) ഇഞ്ചിക്ക് തണ്ടുചീയൽ, വാഴക്ക് കൂമ്പടയൽ രോഗം എന്നിവ വിളവെടുപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഇരുപൂ കൃഷി ചെയ്യുന്ന പാടങ്ങൾക്ക് ജല ലഭ്യത ഉറപ്പുവരുത്തി മുപ്പൂ കൃഷിയാക്കിയെങ്കിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാവുതാണ്.

ഇപ്പോൾ ചാലക്കുടി ഇടതുകര കനാലിൽ നിന്നുമുള്ള നാമ മാത്രമായ ജലം മാത്രമാണ് ലഭിക്കുന്നത്. ഇടമലയാർ ജലസേചന പദ്ധതി നടപ്പാക്കിയാൽ മാത്രമേ സമ്പുഷ്ടമായി മൂന്ന്പൂ കൃഷി സാധ്യമാകു.

അയ്യമ്പുഴ പഞ്ചായത്തിൽ ഒരു കൃഷിയും വെള്ളക്കെട്ടിന്റെ (Water Logging) ഭീഷണി നേരിടുന്നില്ല. വിളകൾ ഇടയകലത്തിന്റെ കാര്യത്തിൽ തകരാറ് ഉള്ളവയല്ലെങ്കിലും നടീൽ സമ്പ്രദായത്തിലും പരിചരണത്തിലും അത്രകണ്ട് ശാസ്ത്രീയമല്ല.

മഴയെ ആശ്രയിക്കുന്നതുകൊണ്ട് പുതുമഴയോടെയാണ് എല്ലാ കൃഷികളും ആരംഭിക്കുന്നത്. ജൂൺ ആദ്യവാരത്തിലാണ് കൃഷിപണികൾ തുടങ്ങുന്നത്.

| | | | |
|---|---|---|---|
| ഒരു കൃഷിപ്പണിക്കാരന്റെ കൂലി | (ആൺ) | : | 80 രൂ. |
| ,, | (പെൺ) | : | 65 രൂ. |

കർഷക തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട് ഈ പ്രദേശത്ത് ഭാവിയിൽ ഉണ്ടാകാം. കർഷക കുടുംബങ്ങളിലെ യുവതലമുറക്കാർ ഈ രംഗത്തോട് വലിയ ആഭിമുഖ്യം പ്രകടിപ്പിച്ചുകാണുന്നില്ല.

5 വർഷം മുമ്പ് യന്ത്രവൽക്കരണം പുതുമയായിരുന്നു. ഇപ്പോൾ നിലമുഴുന്നതിന് കാളകളെ ഉപയോഗിക്കുക വിരളമാണ്. പമ്പുകൾക്കുപുറമെ സ്പ്രെയർ, ടില്ലർ എന്നിവ ഉപയോഗിച്ചു വരുന്നു. മെതിയന്ത്രം, പാററുയന്ത്രം, തെങ്ങുകയററയന്ത്രം എന്നിവ അയ്യമ്പുഴ പഞ്ചായത്തിൽ എങ്ങുമില്ല.

## യന്ത്രങ്ങൾ എണ്ണം

| | | |
|---|---|---|
| ഇലക്ട്രിക് മോട്ടോർ | – | 210 |
| ഓയിൽ എഞ്ചിൻ | – | 25 |
| പവർ ടില്ലർ | – | 5 |
| സ്പ്രെയർ | – | 62 |

വിപണനസംഘങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ എങ്ങുമില്ല. ചെറുകിടക്കാർ അവരുടെ വിളകൾ ശേഖരിച്ച് സ്വകാര്യവ്യക്തികളുടെ കടകളിൽ വിൽക്കുകയാണ് പതിവ്. ഇത്തരം ചെറുകിട വ്യപാരികൾ പട്ടണങ്ങളിലേക്ക് അവ മറിച്ചു വിൽക്കുന്നു. അതുകൊണ്ട് കർഷകർക്ക് മാന്യമായ വില ലഭ്യമാല്ലാതെ പോകുന്നുണ്ട്.

കോമേഴ്സ്യൽ ബാങ്കുകൾ നടപടിച്ചട്ടങ്ങൾ മൂലം വായ്പകൾ ഗണ്യമായി നൽകുന്നില്ല. സഹകരണമേഖല സാമ്പത്തികമായി ഉയർന്നവയല്ല. ഭൂപണയബാങ്ക് നൽകുന്ന വായ്പകളും പര്യാപ്തമല്ല ഈ രംഗത്ത് സാമ്പത്തിക സ്ഥാപനങ്ങൾ കാര്യമായ സംഭാവനകൾ നൽകേണ്ടതുണ്ട്.

ജൈവവള ലഭ്യത ഈ പ്രദേശത്ത് ഉയർന്നതാണ്. അതുകൊണ്ട് അമിത രാസവള പ്രയോഗം ദോഷമില്ല. National Seed Corporation, കൃഷി ഡിപ്പാർട്ട്മെന്റ് എന്നിവ മുഖേന കർഷകർക്ക് നാമമാത്രമായി വിത്തുവിതരണം നടത്തുന്നുണ്ട്. എന്നാൽ ആവശ്യമനുസരിച്ച് വിത്തുകൾ ലഭ്യമല്ല.

ജ്യോതി, ചുവന്ന ത്രിവേണി, ഐശ്വര്യ തുടങ്ങിയവയാണ് വിതരണം ചെയ്യുന്ന നെൽവിത്തുകൾ. എള്ള് വിത്തുകളും തെങ്ങിൻ തൈകളും കുരുമുളകു വള്ളികളും വിതരണം ചെയ്യാറുണ്ട്.

### സബ്സിഡി

നിലവിലുള്ള പദ്ധതികൾ

1. നെൽകൃഷികാർക്ക് ഓരോ വിളയ്ക്കും ഒരു സെൻറിന് 1 രൂപ വീതം ഉല്പാദക ബോണസ്.
2. നെൽകൃഷി വികസിപ്പിക്കുന്നതിന് പ്രധാനമന്ത്രിയുടെ പദ്ധതിയിൽ നിന്നും കുളം, തോട് നിർമ്മാണ പദ്ധതി.
3. നെൽകൃഷിക്കാർക്ക് മരുന്നുതളിയ്ക്കാൻ പമ്പ്, മെതിയന്ത്രം, കൊയ്ത്തുയന്ത്രം എന്നിവ വാങ്ങാൻ സഹായം.
4. ഏററവും നല്ല നെൽ കൃഷിക്കാരന് 500 രൂപ സമ്മാനം.
5. തെങ്ങു കൃഷിക്കാർക്ക് രാസവള സബ്സിഡി.
6. ജലസേചനത്തിന് കുളം കുഴിക്കാനും പമ്പ് സെററ് സ്ഥാപിക്കാനും സഹായം.
7. കാററു വീഴ്ച്ച ബാധിച്ച തെങ്ങുകൾ വെട്ടി മാററി പുതിയവ നടുന്നതിന് സഹായം.
8. സുഗന്ധ വ്യഞ്ജന പരിപാടിയിൽ ഉൾപ്പെടുത്തി കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചൂരം, എന്നി കൃഷികാർക്ക് സഹായം.
9. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്കാർക്ക് നടീലിന് സഹായം.

സ്ക്കൂൾ വിദ്യാർത്ഥികളേയും യുവതലമുറയേയും കാർഷികരംഗത്തേക്കാകർഷിക്കാൻ പര്യാപ്തമായ ചില പ്രോത്സാഹന പദ്ധതികളും ഉണ്ട്. Students farmers club വഴി വർഷത്തിൽ 2 പ്രാവശ്യം പച്ചക്കറിവിത്ത് കൊടുക്കുന്നു. വാഴക്കന്നും നൽകുന്നു 170 വിദ്യാർത്ഥികൾക്കാണ് 1995–'96 വർഷത്തിൽ ഈ സഹായം നൽകിയത്. യുവതലമുറക്കാർക്കായി വെററിലക്കൊടി കൃഷിക്ക് സഹായം കാലിത്തീററ നിർമ്മാണം എന്നിവയ്ക്കും സഹായം നൽകി. 10 പേർക്കുമാത്രമെ ഇത്തരം സഹായം നൽകുന്നതിനായുള്ള ഈ രംഗത്ത് കൂടുതൽ സഹായം നൽകേണ്ടതുണ്ട്.

തെങ്ങിൻതൈ, കമുക്, കുരുമുളക് വള്ളി, ഗ്രാമ്പൂ, കശുമാവ് തൈ എന്നിവ കൃഷിഭവൻ മുഖേന സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നു. എള്ള്, പയർ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ മിനി കിററുകളും വിതരണം ചെയ്യുന്നു.

നെല്ല്, തെങ്ങ്, കുരുമുളക് എന്നിവ സംഘ കൃഷിയുടെ കീഴിലാണ് അധികഭാഗവും. നെല്ല്, റബ്ബർ, തെങ്ങ്, കുരുമുളക് കർഷകർക്കായി പ്രത്യേക സംഘങ്ങളും പഞ്ചായത്തിൻെറ വിഭിന്ന ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. ചുള്ളി, ചീനംചിറ, അമലാപുരം, കണ്ണിമംഗലം, ഉപ്പുകല്ല് എന്നിവിടങ്ങളിലായി നെൽകൃഷിക്കാരുടെ പ്രാദേശിക സംഘങ്ങളും ഉണ്ട്. കുരുമുളക കർഷകർക്കായി 2 സംഘങ്ങൾ പ്രവർത്തിക്കുന്നു. ചുള്ളി, അയ്യമ്പുഴ എന്നിവിടങ്ങളിലാണ് അവ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടേണ്ടതായിട്ടുണ്ട്.

# മൃഗ സംരക്ഷണം

മത്സ്യബന്ധനത്തിന് കടൽ, പുഴ എന്നിവയുടെ സാമീപ്യം അയ്യമ്പുഴ പഞ്ചായത്തിൽ ഇല്ല. മത്സ്യ കൃഷിക്ക് അനുയോജ്യമായ ജലാശയവും താരതമ്യേന കുറവാണ്. വെള്ളം കെട്ടിനിൽക്കുന്ന പാറ മടകളിൽ പരീക്ഷണാർത്ഥം മത്സ്യ കൃഷി ആരംഭിക്കാവുന്നതാണ്. വ്യാവസായികാടിസ്ഥാനത്തിൽ വിപുലമായ മത്സ്യ കൃഷിക്കുള്ള സാധ്യതകൾ വിരളമാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട ഒരു സ്ഥാപനങ്ങളും ഇല്ല.

## *വ്യവസായം*

വ്യാവസായികമായി അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് ഉയർന്നതല്ല. ആകെയുള്ള വ്യവസായ സംരംഭം റബ്ബർ പ്ലാന്റേഷനാണ്. ഇവിടെ നിരവധി തൊഴിലാളികൾ പണിയെടുക്കുന്നു. റബ്ബർ ഫാക്ടറി തൊഴിലാളികളുടെ എണ്ണം ഉയർന്നത് ആണ്. അവരിൽ കുറെ പേർ പഞ്ചായത്തിന് പുറത്ത് നിന്നുള്ളവരാണ്.

പരമ്പരാഗത വ്യവസായ മേഖലകളിൽ പ്രമുഖം പനമ്പു നെയ്ത്താണ് 400 തൊഴിലാളികൾ ഈ മേഖലയിലുണ്ട്. ഇവർക്കായി 2 ബാംബു കോർപ്പറേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല പനമ്പു നെയ്ത്തുകാരുടെ എണ്ണം വളരെയേറെ കുറയുകയാണ്. ലാഭകരമായ മററു കാര്യങ്ങളിലേക്ക് തൊഴിലാളികൾ ആകർഷിക്കപ്പെടുന്നതാണിതിനു കാരണം. ഈററ കതിർക്കാനുള്ള വെള്ളം കിട്ടാതിരിക്കുക, റബ്ബർ കൃഷിയുടെ ആദായം എന്നിവ ഇതിന് ഹേതുവായി തീരുന്നു.

പലചരക്കുകടകൾ 15 എണ്ണവും, ചായക്കടകൾ 25, ബേക്കറി 3, സ്റ്റേഷനറി 6. ചിപ്സ് നിർമ്മാണം 2, നെല്ലുകുത്ത് മിൽ 12, മലഞ്ചരക്ക് വ്യാപാരം 3, റബ്ബർ വ്യാപാരം 8 എന്നിവ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു.

### *ഗ്രാമസഭകളിൽ ഉയർന്ന നിർദ്ദേശങ്ങൾ* (വ്യാവസായം)

1. കാലടി പ്ലാന്റേഷൻ, ചെറുകിട റബ്ബർ കർഷകർ എന്നിവർ ഉല്പാദിപ്പിക്കുന്ന റബ്ബർ ഉപയോഗപ്പെടുത്തി ഒരു റബ്ബർ സംസ്കരണ വ്യവസായം തുടങ്ങണം.
2. വനിതകൾക്കായി റെഡിമെയ്ഡ് വസ്ത്ര വ്യവസായ യൂണിററുകൾ.

## *ഊർജ്ജവും ഗതാഗതവും*

മലയാററൂരിൽ സ്ഥിതി ചെയ്യുന്ന സബ്സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും മനസ്സിലാക്കിയിടത്തോളം എല്ലാ ട്രാൻസ്ഫോമറുകളും അധികഭാരം വഹിക്കുന്നവയാണെന്ന് കണ്ടെത്തി. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധനവ് ഉണ്ടായിരിക്കുന്നു. ഊർജ്ജ ഉപഭോക്താക്കളുടെ 80% വും ഗാർഹിക മേഖലയിലാണ്. 55% വീടുകളും വൈദ്യുതികരിച്ചതാണ്. ഇവയിൽ 14% വീടുകളിലെ ട്യൂബ്ലൈററ് ഉപയോഗിക്കുന്നുള്ളു. കാർഷികമേഖലയിൽ 2.5% വൈദ്യുതി മാത്രമാണ് ഉപയോഗിക്കുന്നത്.

വോൾട്ടേജിന്റെ കുറവ് രൂക്ഷമായിട്ടുണ്ട് പ്രത്യേകിച്ച് കാലടി പ്ലാന്റേഷൻ ഭാഗത്ത് പ്രവർത്തനങ്ങൾ കുറെകൂടി അഭിവൃദ്ധിപ്പെടേണ്ടതുണ്ട്. ഈ ലൈൻ അധിക ഭാഗം വഹിക്കുന്നതാണ് വോൾട്ടേജ് കുറയുന്നതിന്റെ പ്രധാന കാരണം. ഇവിടങ്ങളിൽ ധാരാളം ഉപഭോക്താക്കൾ 110 V ബൾബാണ് ഉപയോഗിക്കുന്നത്. വീടുകളിലെ കണക്ടഡ് ലോഡ് വൈദ്യുതി ബോർഡിന്റെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിലും വളരെ കൂടുതലാണ് എന്ന് കാണാം പഞ്ചായത്തിൽ 9% മീററുകളും കേടാണ്. വൈദ്യുതി മോഷണം ഇല്ല പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ-വിതരണ സംവിധാനങ്ങളുടെ തകരാറു കാരണമാണ്. ഇലക്ട്രിക് ലൈനിൽ വൃക്ഷത്തലപ്പുകൾ സ്പർശിക്കുക സാധാരണമാണ് ഇവ യഥാസമയം മുറിച്ച് മാററിയും ട്രാൻസ് ഫോമറുകൾ കൂടുതൽ സ്ഥാപിച്ചും ഉള്ളവയുടെ സ്ഥാനം പുനഃക്രമീകരിച്ചും പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

വിറകിൻെറ ലഭ്യത അധികമായതിനാൽ ഗാർഹിക ഇന്ധനമായി 97% വും വിറകാണ് ഉപയോഗിക്കുന്നത്. 1.8% മണ്ണെണ്ണ സ്റ്റൗ, 0.2% പാചക വാതകം എന്നിവയും ഉപയോഗിക്കുന്നു. പുകയില്ലാ അടുപ്പുകൾ ഇനിയും വ്യാപിക്കേണ്ടതുണ്ട്. അപൂർവ്വം ഗോബർഗ്യാസ് പ്ലാൻറുകളും, ഹീററുകളും കാണാം.

വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം :
കണക്ഷൻ ലഭിക്കാനുള്ളവർ :
തെരുവു വിളക്കുകളുടെ എണ്ണം :
ട്രാൻസ്ഫോമറുകൾ :

## റോഡുകൾ

പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ, ഈ പ്രദേശങ്ങളിൽ റോഡുകളും വർദ്ധിച്ചു. തോട്ടം തൊഴിലാളികളുടെ വരവും റോഡുകളുടെ ത്വരിതവികാസത്തിന് കാരണമായി. റോഡുകളുടെ നില ശോചനീയമാണ്. റോഡു നിർമ്മാണ പ്രക്രിയയിൽ സ്വാഭാവിക തോടുകളുടെ ഒഴുക്കിന് തടസ്സമുണ്ടാകാത്ത രീതിയിൽ കലങ്കു നിർമ്മാണമൊന്നും നടക്കുന്നില്ല. അവയ്ക്കുള്ള തുക പലപ്പോഴും ചെലവഴിക്കപ്പെടാറില്ല.

മഞ്ഞപ്രയിൽ നിന്നും 15-ാം ബ്ലോക്ക് വരെ നീളുന്ന 22 k.m. ദൈർഘ്യമുള്ള റോഡ്, മഞ്ഞപ്രയിൽ നിന്നും ചുള്ളി വഴി ഒലിവേലി വരെ നീളുന്ന 9 k.m. റോഡും മഞ്ഞപ്ര-പാണ്ടപാറ 14 k.m. റോഡുമാണ് പ്രധാന നിരത്തുകൾ. ചാത്തക്കുളം-അമലാപുരം, എരപ്പ്-താണിക്കോട്, കോടാലി-താണിക്കോട്, കട്ടിംഗ്-പോട്ട, കട്ടിംഗ്-ചുള്ളി, എരപ്പ്-ചീനംചിറ, കൊല്ലക്കോട്-കണ്ണിമംഗലം എന്നിവയ്ക്കുപുറമെ ഇടവഴികളും ധാരാളമുണ്ട്. ക്ഷാമ പരിഹാര സ്കീമിൽ പെടുത്തിയാണ് ചുള്ളി-മഞ്ഞപ്ര റോഡിൻെറ നിർമ്മാണം. പോട്ട റോഡ് NREP സ്കീമാണ്. യഥാസമയം അററകുററപണികൾ നടത്താൻ കഴിയാത്തതു കൊണ്ട് സഞ്ചാരം ദുഷ്ക്കരമാണ്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പഞ്ചായത്തുറോഡുകളുടെ നീളം 6 കി. മീ. വർദ്ധിച്ചു. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് വലിയ തുക ചെലവഴിക്കപ്പെട്ടിട്ടില്ല. നിരവധി പുതിയ റോഡുകളുടെ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നിട്ടുണ്ട്. ഇവ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ വെററിലപ്പാറയേയും ചാലക്കുടിയേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ചാലക്കുടി പുഴയ്ക്കു കുറുകെ ഒരു പാലം വികസനത്തിന് ആക്കം കൂട്ടും. മൂക്കന്നൂർ, കറുകുററി, മഞ്ഞപ്ര, തുറവൂർ, മലയാററൂർ, നീലീശ്വരം പഞ്ചായത്തുകളും ബ്ലോക്കു പഞ്ചായത്തും ചേർന്ന് സംയുക്തമായി ഏറെറടുക്കേണ്ട നിർമ്മാണമാണിത്. അതിരപ്പിള്ളി വെള്ളച്ചാട്ടം, മണപ്പാട്ടുച്ചിറ, പ്രകൃതി പഠന കേന്ദ്രം, ഒലിവേലിച്ചിറ എന്നിവ ഉൾപ്പെടുത്തി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിന് ഈ പാലം ഉപകരിക്കും.

## കുടി വെള്ളവും പൊതു ജനാരോഗ്യവും

പഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളത്തിനായി കിണറുകളെ പൂർണ്ണമായും ആശ്രയിക്കാൻ കഴിയുന്നില്ല. അപൂർവ്വം കിണറുകൾ മാത്രമേ വർഷം മുഴുവൻ ജലം നിൽക്കുന്നുള്ളൂ. ഉപയോഗയോഗ്യമായ കിണറുകൾ 850 എണ്ണമാണുള്ളത്. 87 കുളങ്ങളും ശേഷിക്കുന്നവർ പൈപ്പുവെള്ളമാണ് ആശ്രയിക്കുന്നത്

മഞ്ഞപ്ര-അയ്യമ്പുഴ വാട്ടർ സപ്ലൈ സ്കീമാണ് പൊതുവിതരണ ജലപദ്ധതി. പെരിയാറിലെ ജലം നീലീശ്വരത്തുനിന്ന് പമ്പ് ചെയ്ത് ഉപ്പുകല്ല് ടാങ്കിൽ വീഴിക്കുന്നു. ഉപ്പുകല്ല് ബൂസ്ററിംഗ് സ്റ്റേഷനിൽ നിന്നും സ്പ്രെയർ ചെയ്ത് കുന്തിരിമലയിൽ സ്ഥാപിച്ചിട്ടുള്ള റിസർവോയറിൽ എത്തിക്കുന്നു. കുന്തിരിയിൽ നിന്നും എരപ്പ് ടാങ്കിൽ വെള്ളം ഒഴുകിയെത്തുന്നു. എരപ്പ് ബൂസ്റ്റിംഗ് സ്റ്റേഷൻ താണിക്കോട് മലയിൽ സ്ഥാപിച്ചിട്ടുള്ള റിസർവോയറിലേക്ക് വെള്ളം എത്തിക്കുന്നു. ഇതുവരെ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്ത, ഒരർത്ഥത്തിൽ ഏറെ വികലമായ ഒരു പദ്ധതിയാണ്

ജലലഭ്യതയുള്ള മൂലപ്പാറയിൽ കുളം കുഴിച്ച് അവിടെ നിന്നും എരപ്പ് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത്, വീണ്ടും താണിക്കോട് ടാങ്കിൽ വീഴിക്കാനുള്ള സംവിധാനം കുറെക്കൂടി ഫലപ്രദമാണെന്ന് കാണാം.

മലയാററൂർ-നീലീശ്വരം പഞ്ചായത്തിൻെറ മൂന്നരേക്കർ, അയ്യമ്പുഴ പഞ്ചായത്തിലെ കണ്ണിമംഗലം, പാണ്ടുപാറ, അഞ്ജനക്കുണ്ട് എന്നീ ഭാഗങ്ങളിലും വെള്ളമെത്തിക്കുവാൻ മൂന്നരേക്കറിൽ ടാങ്കും തോട്ടുവായിൽ പമ്പ് ഹൗസും വേണം. പെരിയാറിലെ വെള്ളം പമ്പ് ചെയ്യുവാൻ കഴിയും.

ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നു. ഏറെ കിണറുകൾ കൈവരി കെട്ടാത്തവയാണ്. മലിനജലം ഒഴുകി വീഴാൻ ഏറെ സാദ്ധ്യതയുണ്ട്.

പരിസ്ഥിതിയെ ബാധിക്കുന്ന രീതിയിൽ വലിയ മലിനീകരണ പ്രശ്നങ്ങൾ പഞ്ചായത്തിൽ ഇല്ല.

കക്കൂസുകൾ ഇല്ലാത്ത വീടുകൾ നിരവധിയാണ്. തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജനം നടത്തുന്ന ഈ വിഭാഗക്കാർക്കായി കക്കൂസ് നിർമ്മാണത്തിന് ആവശ്യമായ സഹായം നൽകുന്നതാണ്.

അയ്യമ്പുഴ പഞ്ചായത്തിൽ പ്ലാൻേറഷൻ 8-ാം ബ്ലോക്കിൽ 3-ാം വാർഡിൽ പ്ലാൻേറഷൻ കോർപ്പറേഷൻ വക 30 കിടക്കകൾ ഉള്ള ഒരാശുപത്രിയുണ്ട്. ചുള്ളിയിൽ സർക്കാർ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നു. ഇവയൊന്നും വിദഗ്ദ്ധ ചികിത്സക്ക് ഉപകരിക്കുന്നില്ല, മഞ്ഞപ്രയിൽ അല്ലെങ്കിൽ അങ്കമാലിയിലാണ് ചികിത്സ തേടി പോകുന്നത്. ഓപ്പറേഷൻ മുതലായ കാര്യങ്ങൾക്ക് അങ്കമാലിയാണ് പഞ്ചായത്തിനോട് ഏററവും അടുത്ത കേന്ദ്രം.

പകർച്ചവ്യാധികളിൽ ചെങ്കണ്ണ് പ്രമുഖസ്ഥാനത്തു നിൽക്കുന്നു. ചുണങ്ങ് തുടങ്ങിയ ത്വക് രോഗങ്ങളും വ്യാപകമായി കാണുന്നു.

### അയ്യമ്പുഴ പഞ്ചായത്ത് പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1993-94 | 204 | 326 | 128 | 8,469 |
| 94-95 | 216 | 307 | 112 | 8,514 |
| 95-96 | 237 | 313 | 136 | 9,482 |

### അയ്യമ്പുഴ പഞ്ചായത്ത് രോഗങ്ങൾ വിവരങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രം

| വർഷം | ഇൻപേഷ്യൻറ് | ഔട്ട്പേഷ്യൻറ് | ത്വക് രോഗം | പകർച്ച വ്യാധി | വിഷചികിത്സ | മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 92-93 | | 6972 | 117 | 1328 | | 5527 | 6972 |
| | | 9264 | 208 | 2147 | | 6909 | 9264 |
| | | 9671 | 211 | 2329 | | 7131 | 9671 |
| | | 11,208 | 256 | 3124 | | 7828 | 11208 |

അമ്മമാരുടെ എണ്ണം 2320

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ)

a) 1 കുട്ടി – 196
b) 2 കുട്ടികൾ – 824
c) 2 ൽ കൂടുതൽ – 1, 300

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

a) 1 കുട്ടി - 162
b) 2 കുട്ടികൾ - 674
c) 2 ൽ കൂടുതൽ - 1098

അംഗവൈകല്യമുള്ളവർ

a) അന്ധർ 12
b) ബധിരർ 19
c) മൂകർ 3
d) ബധിര–മൂകർ 7
e) ചലനവൈകല്യം 36
ആകെ 77

മന്ദബുദ്ധികൾ എണ്ണം 26

| പ്രായം | എണ്ണം | പ്രായം | എണ്ണം |
|---|---|---|---|
| 0–5 | | 11–15 | 12 പേർ |
| 6–10 | 7 പേർ | 16 ന് മേൽ | 7 |

സ്ഥായിയായ രോഗബാധിതർ

a) രക്ത സമ്മർദ്ദം 12
b) പ്രമേഹം 21
c) ക്യാൻസർ 22
d) കുഷ്ഠം
e) ക്ഷയം 24
f) ഹൃദ്രോഗം 12
ആകെ 91

1 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ 192 എണ്ണം
പ്രതിരോധ കുത്തിവയ്പ് നടത്തിയവർ 190
ആകെ ഗർഭിണികൾ 240

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം മതിയായ അളവിൽ ലഭ്യമാകുന്നില്ലെന്ന് പഠനങ്ങൾ വെളിവാക്കുന്നു. ഇതിന് ആവശ്യമായ നടപടികൾ പ്രാഥമികാരോഗ്യ കേന്ദ്രം വഴിയായി സ്വീകരിക്കുന്നതാണ്. മുലപ്പാൽ കുട്ടികൾക്ക് ആദ്യ 4 മാസക്കാലയളവിൽ ലഭിക്കുന്നതായി പഠനങ്ങൾ മനസ്സിലാക്കുന്നു. പിന്നീട് കുപ്പിപാലാണ് ആശ്രയം Baby food ഉപയോഗം മിതമാണ്.

### ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ

1. ഫീൽഡ് ഓഫീസർമാർ ആവശ്യത്തിനില്ല.
2. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രാത്രി ഡോക്ടറുടെ സേവനം ലഭ്യമല്ല.
3. ജനസംഖ്യാനുപാതികമായി സബ്സെൻററുകൾ ഇല്ല.
4. O. P. വിഭാഗം മാത്രമേയുള്ളു.
5. കുടിവെള്ളം ഏററവും ആവശ്യമായ വേനൽക്കാലങ്ങളിൽ അവ ആവശ്യത്തിന് കിട്ടുന്നില്ല.
6. ആയുർവേദ ആശുപത്രി ഇല്ല.
7. ആവശ്യത്തിന് മരുന്നുകൾ പ്രാഥമികാരോഗ്യകേന്ദ്രത്തിലില്ല
8. പഞ്ചായത്തിലെ വിഭിന്ന ഭാഗങ്ങളിൽനിന്നും രോഗികൾക്ക് എത്തിച്ചേരാൻ സാധിക്കുന്നിടത്തല്ല പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്നത്.

9. അങ്കണവാടികൾ ഇല്ല. പ്രധാന കേന്ദ്രങ്ങളിൽ അവ ഉടൻ സ്ഥാപിക്കണം.
10. ബാലവാടികൾ ആവശ്യത്തിനില്ല.

## *വിദ്യാഭ്യാസം*

വിദ്യാഭ്യാസം നാടിന്റെ പുരോഗതിയും ജനങ്ങളെ ചൂഷണ വിമുക്തരാക്കുന്നതിനും സംസ്ക്കാര സമ്പന്നമാക്കുന്നതിനും ആവശ്യമാണ്. എന്നാൽ വിദ്യാഭ്യാസരംഗത്ത് ആദ്യ കാലങ്ങളിൽ ഒരു കുതിച്ചുചാട്ടം അയ്യമ്പുഴ പഞ്ചായത്തിൽ സംഭവിച്ചിട്ടില്ല. ഇപ്പോൾ വിദ്യാഭ്യാസം ഹൈസ്ക്കൂൾ തലത്തിലെങ്കിലും ലഭിക്കാതെ പോകുന്ന കുട്ടികൾ വിരളമാണ്. തോട്ടം മേഖലയിൽ വിദ്യാഭ്യാസത്തോടുണ്ടായിരുന്ന വിമുഖതയും പിന്നോക്ക വിഭാഗക്കാരുടെ അലംഭാവവും ഈ ദുസ്ഥിതിക്ക് കാരണമായിട്ടുണ്ട്.

കാലടി പ്ലാന്റേഷൻ ഹൈസ്ക്കൂൾ മാത്രമാണ് ഈ പഞ്ചായത്തതിർത്തിക്കുള്ളിലുള്ള ഹൈസ്ക്കൂൾ ചുള്ളിയിൽ ഗവ. എൽ. പി. സ്ക്കൂളും കണ്ണിമംഗലത്ത് ഗുരുദേവൻ എൽ. പി. സ്ക്കൂളും പ്രവർത്തിക്കുന്നു. മഞ്ഞപ്ര G. H. S, തുറവൂർ, അങ്കമാലി. കിടങ്ങൂർ എന്നിവിടങ്ങളിലാണ് പഞ്ചായത്തിലെ ഭൂരിപക്ഷം കുട്ടികളും അധ്യയനം സാധിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. ടൈപ്പ് റൈററിംഗ് ഇൻസ്റ്റിററൂട്ട്, I. T. I., പോളിടെക്നിക് J.T.S എന്നിങ്ങനെ ഒററ സ്ഥാപനം പോലുമില്ല. തൊഴിൽ പരിശീലന രംഗത്ത് പ്രവർത്തിക്കുന്നത് ഏതാനും സ്വകാര്യവ്യക്തികളുടെ ചെറുകിട തയ്യൽ പരിശീലന കേന്ദ്രങ്ങൾ മാത്രമാണ്.

അധ്യായന നിലവാരം അത്ര മികച്ചതാണെന്ന് അവകാശപ്പെടാനാവില്ല. കുട്ടികളുടെ കൊഴിഞ്ഞുപോക്കും നിസാരമല്ല. അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ ശക്തമല്ല. മാതൃസംഘത്തിനും പ്രചാരം ഇനിയും കിട്ടേണ്ടതായിട്ടുണ്ട്. പാഠേതര പ്രവർത്തനങ്ങൾ ചെറിയ അളവിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൗട്ട്, N. C.C., സയൻസ് ക്ലബ് എന്നിവ ഇല്ല. സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള വിദ്യാർത്ഥികളും തുച്ഛമാണ്. ആവശ്യത്തിന് സ്റ്റാഫില്ലാത്തതും മുഖ്യപ്രശ്നമാണ്. ലബോറട്ടറി നാമമാത്രമാണ്. ആവശ്യമായ രാസപദാർത്ഥങ്ങളോ ഉപകരണങ്ങളോ ഇല്ല. വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് സാധനങ്ങളും പഴകിയവ മാത്രമാണ് ആശ്രയം.

തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടിയാണ് K. P. H. S. ആരംഭിച്ചത്. 2 സ്ക്കൂൾ ബസും സ്വന്തമായുണ്ട്. S. S. L. C. വിജയശതമാനം 45 ആണ്. (1995)

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ ഒരു ട്യൂട്ടോറിയൽ കോളേജ് 15-ാം ബ്ലോക്കിൽ സ്ഥിതിചെയ്യുന്നു. SSLC തോററവരും, റഗുലർ കോളേജിൽ പ്രീ-ഡിഗ്രി പ്രവേശനം കിട്ടാത്തവരും, റഗുലർ കോളേജിൽ പ്രീ-ഡിഗ്രി, ഡിഗ്രി തലത്തിൽ പഠിക്കുന്നവരുടെ അധികം പേരും മഞ്ഞപ്ര റോയൽ കോളേജിനേയും മററുമാണ് ട്യൂഷനായി ആശ്രയിക്കുന്നത്.

നൃത്തപരിശീലന കേന്ദ്രങ്ങൾ, സംഗീത അഭ്യാസന കേന്ദ്രം, ഇതരകലാകേന്ദ്രങ്ങൾ എന്നിവ പഞ്ചായത്ത് അതിർത്തിയിൽ ഇല്ല. സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്നവരുടെ കുട്ടികൾ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ പഠിക്കുന്നുണ്ട്. 100 ൽ താഴെയാണ് ഇവരുടെ സംഖ്യ.

അയ്യമ്പുഴ, അമലാപുരം, കൊല്ലക്കോട്, പാണ്ടുപാറ, ചുള്ളി, എന്നീ ക്രിസ്ററ്യൻ പള്ളികളിൽ നടത്തപ്പെടുന്ന L P സ്ക്കൂളുകളിൽ ഏകദേശം 600 കുട്ടികൾ പഠിക്കുന്നു. ഈ വിദ്യാലയങ്ങളിൽ പ്രഗത്ഭരായ അദ്ധ്യാപകരും, പഠനോപാധികളും പരിമിതമാണ്. ലബോറട്ടറി നാമമാത്രമായി ഉള്ളത് കൊല്ലക്കോട് ഇൻഫൻറ് ജീസസ്സിൽ മാത്രമാണ്. അദ്ധ്യാപകരുടെ വേതനവും വളരെ കുറവാണ്.

കഴിഞ്ഞ 5 വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കിലുള്ള കുറവ്, അടുത്ത പഞ്ചായത്തുകളിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, വളർന്നുവരുന്ന ഇംഗ്ലീഷ് മീഡിയഭ്രമം എന്നിവയൊക്കെ ഇതിന് കാരണങ്ങളാണെന്ന് കാണാം. നിലവിലുള്ള ഹൈസ്ക്കൂൾ, പഞ്ചായത്തിൻെറ ഇതരഭാഗത്തുള്ളവർക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളിടത്തായതുകൊണ്ടാണ് മററുപ്രദേശങ്ങളിലേക്ക് കുട്ടികൾ ഒഴുകുന്നത്. സ്ക്കൂളിൻെറ നിലവാരവും അഭിവൃദ്ധിപ്പെടേണ്ടതാണ്,

മഞ്ഞപ്ര-അയ്യമ്പുഴ പഞ്ചായത്തിൻെറ സംയുക്താഭിമുഖ്യത്തിൽ ഒരു ടെക്നിക്കൽ സ്ക്കൂൾ ഇരു പഞ്ചായത്തുകളുടേയും അതിർത്തി പ്രദേശത്ത് സ്ഥാപിക്കണം. നിലവിലുള്ള സ്ക്കൂളുകളിൽ ലബോററട്ടറി, സ്പോർട്സ് സാമഗ്രികൾ എന്നിവയ്ക്ക് വലിയ തുക അനുവദിക്കണം. ഫർണീച്ചറുകൾ ലഭ്യമാക്കുകയും മതിയായത്ര സ്ററാഫിനെ നിയമിക്കുകയും അദ്ധ്യാപക-രക്ഷാ കർത്തൃ സംഘടനകൾ ശക്തമാക്കുകയും വേണം.

ചുള്ളി ഗവൺമെൻറ് എൽ. പി. സ്ക്കൂളിൻെറ കെട്ടിടം തകർന്ന് വീണ് അത്യാഹിതം സംഭവിച്ചപ്പോൾ മാത്രമാണ് അത് പുതുക്കിപ്പണിയാൻ ശ്രമിച്ചത്. സ്ക്കൂൾ കെട്ടിടങ്ങളുടെ അററകുററപ്പണികൾ കാലോചിതമായി നടത്തേണ്ടതുണ്ട്. അത്യാഹിതങ്ങളേ കർമ്മ ചേതനയെ ഉണർത്തുകയുള്ളൂ എന്ന ദുരവസ്ഥ ഇനിയും ഉണ്ടാകാൻ പാടില്ല.

**സ്ക്കൂളിലേക്കുള്ള ശരാശരി യാത്രാദൂരം** (അയ്യംമ്പുഴയിൽനിന്നും)

| സ്ക്കൂരം | ശരാശരി ദൂരം<br>കി. മി. | ബസ് സൗകര്യം |
|---|---|---|
| മഞ്ഞപ്ര G. H. S. | 7 k. m. | ആവശ്യത്തിന് |
| K. P. H. S. | 8 k. m. | ആവശ്യത്തിനില്ല |

അങ്കനവാടികളും 3 ബാലവാടികളും പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. ഇവയുടെ കെട്ടിടങ്ങാം — തൃപ്തികരമല്ല/ണ്

അങ്കനവാടികളിൽ വേണ്ടത്ര കളിക്കോപ്പുകളില്ല.

## വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

1. സ്ക്കൂളുകളിലെ ഭൗതീകസാഹചര്യങ്ങാം തൃപ്തികരമല്ല.
2. ഡിവിഷൻ കട്ടിനുള്ള സാധ്യതകാം ഉണ്ട്.
3. സ്ക്കൂരം വിദ്യാർത്ഥികളുടെ പൊതുകാര്യങ്ങളിലുള്ള വിജ്ഞാനം തൃപ്തികരമല്ല.
4. മത്സരപരീക്ഷകളിലും സ്കോളർഷിപ്പുകളിലും പിന്തള്ളപ്പെടുന്നു
5. പഞ്ചായത്തിനകത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല
6. കലാഭ്യാസനത്തിനുതകുന്ന സ്ഥാപനങ്ങാം ഇല്ല
7. സ്ക്കൂളുകളിലെ ഫാർമേഴ്സ് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, N.C C. എന്നിവയിലൊന്നും താല്പര്യം വിദ്യാർത്ഥികളും അദ്ധ്യാപകരും പ്രകടിപ്പിക്കുന്നില്ല
8. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിത പരിപാടികളൊന്നും നടപ്പാക്കുന്നില്ല
9. ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല
10. ലൈബ്രറി സൗകര്യങ്ങാം പരിമിതമാണ്. ഉള്ളവ വിദ്യാർത്ഥികാം ശരിയായി ഉപയോഗപ്പെടുത്തുന്നില്ല. അദ്ധ്യാപകർ പ്രോത്സാഹിപ്പിക്കുന്നുമില്ല

## പാർപ്പിടം ക്ഷേമപ്രവർത്തനങ്ങൾ

അയ്യംമ്പുഴ പ്രദേശത്തിന്റെ പാർപ്പിട സൗകര്യങ്ങാം തൃപ്തികരമല്ല. കൂരകളും ഇടത്തരം വീടുകളുമാണധികം. കോൺക്രീററ് കെട്ടിടങ്ങളിൽത്തന്നെ മഹാസൗധങ്ങാം നാമമാത്രമാണ്. വീട് എന്താണ്ട് എല്ലാ പൗരൻേറയും സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വ്യവസായിക രംഗത്തുണ്ടായ കെട്ടിടങ്ങാം ........എണ്ണമുണ്ട്. പുതിയതായി.......... വീടുകളും പണിതീർത്തിട്ടുണ്ട്. വീടുകളുടെ ശരാശരി വിസ്തീർണ്ണം............അടിമാത്രമാണ്. 88% വീടുകളും ഓടുമേഞ്ഞതാണ്. ഓലപ്പുരകാം 0.5% വരും. കോൺക്രീററ് കെട്ടിടങ്ങളാണ് അവശേഷിക്കുന്നവ. ചുവർ വെട്ടുകല്ല്, ഇഷ്ടിക, മണ്ണ് എന്നിവകൊണ്ട് നിർമ്മിച്ചവയാണ്. ചെറിയ കെട്ടിടങ്ങളുടെ തറ പരമ്പരാഗതരീതിയിൽ മണ്ണ് ചാണകം എന്നിവ കൊണ്ട് നിർമ്മിതമാണ്. തറ കരിങ്കൽകൊണ്ടുള്ളവയാണ് മൊസെയ്ക്ക് തറ 0.3% വീടുകാംക്കേയുള്ളു. തറ, ചുവർ, മേച്ചിൽ, വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കുമ്പോാം പല കെട്ടിടങ്ങളും തൃപ്തികരമല്ലാത്തതും അടിയന്തിരമായി മാററം ആവശ്യമുള്ളവയുമാണ്.

മരം ആശാരിമാർ, കല്പണിക്കാർ, മെക്കാട്ടുപണിക്കാർ, കോൺക്രീററ് വേലക്കാർ എന്നിവർ പഞ്ചായത്തിൽത്തന്നെ ലഭ്യമാണ്. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സംഘങ്ങാം ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

## അയ്യംമ്പുഴ പഞ്ചായത്തിൽ 5 അംഗീകൃത കോളനികൾ ഉണ്ട്

| | കോളനി | കുടുംബങ്ങളുടെ എണ്ണം | വൈദ്യുതി | കുടിവെള്ളം |
|---|---|---|---|---|
| 1. | താണിക്കോട് പറയൻ കോളനി | 20 | ,, | |
| 2. | മഞ്ഞിക്കാട് ഹരിജൻ കോളനി | 18 | ,, | ,, |
| 3. | ചാത്തക്കുളം അംബേദ്കർ കോളനി | 22 | ,, | ഭാഗികമായി |
| 4. | പോട്ട ഹരിജൻ കോളനി | 17 | | |
| 5. | അമലാപുരം 4 സെൻറ് കോളനി | 16 | ഭാഗികമായി | ഭാഗികമായി |
| 6. | മഞ്ഞന ഹരിജൻ കോളനി | 16 | | |

മരം, കരിങ്കല്ല് എന്നീ അസംസ്കൃത പദാർത്ഥങ്ങൾക്ക് വലിയ ക്ഷാമം ഇല്ലാത്തതിനാൽ മററ് പ്രദേശങ്ങളെ അപേക്ഷിച്ച് വിലക്കുറവുണ്ട്. ചെങ്കല്ല് മററു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരണം. അയ്യംമ്പുഴ പഞ്ചായത്ത് അതിർത്തിയിൽ ഹാർഡ്വെയർ സ്റേറാഴ്സ് ഒന്നുമില്ല.

| വാർഡ് | വീടുകളുടെ എണ്ണം | ഓട് | വാർക്ക | ഷീററ് | ഓല | ഒന്നിൽ കൂടുതൽ നില |
|---|---|---|---|---|---|---|
| I | 435 | 104 | 3 | 324 | 4 | – |
| II | 391 | 182 | 4 | 204 | – | 1 |
| III | 345 | 139 | 10 | 196 | – | – |
| IV | 655 | 352 | 42 | 258 | 1 | 2 |
| V | 502 | 329 | 90 | 46 | 35 | 2 |
| VI | 440 | 311 | 90 | 31 | 7 | 1 |
| VII | 417 | 326 | 64 | 10 | 17 | – |
| VIII | 563 | 384 | 111 | 9 | 59 | 1 |
| IX | 555 | 406 | 136 | 2 | 10 | 1 |
| X | 426 | 301 | 94 | 6 | 25 | – |

### കെട്ടിട നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ

1. നിർമ്മാണ തൊഴിലാളികൾ വൈദഗ്ധ്യം കുറഞ്ഞവരാണ്.
2. സ്ഥിര വരുമാനമില്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭിക്കുന്നില്ല
3. I. R. D. P. ലിസ്ററിൽ അർഹതയുള്ള മുഴുവൻ പേർക്കും സഹായം നൽകാനാവുന്നില്ല.
4. അവശ വിഭാഗങ്ങളിൽ അർഹതയുള്ള ധാരാളംപേർ അപേക്ഷ നൽകുന്നുവെങ്കിലും സഹായം എത്തിക്കാനാവുന്നില്ല.

പഞ്ചായത്തിലെ 60% പേർ ദാരിദ്ര രേഖയ്ക്കു താഴെയാണ്. തൊഴിലാളികളുടെ വീട്ടിൽ 10% പേർക്കുമാത്രമേ ടെലിവിഷൻ സെററ് ഉള്ളൂ. 50% വീടുകളിൽ റേഡിയോ ഉണ്ട്. ആഡംബര വസ്തുക്കൾ ന്യൂനപക്ഷത്തിന് മാത്രം ആർജിക്കാനേ കഴിഞ്ഞിട്ടുള്ളൂ. സ്വന്തമായി വാഹനമുള്ളവർ (നാലുചക്രം) ...... പേർ ഉണ്ട്. ഇരുചക്രവാഹനമുള്ളവർ ...... ആണ്.

### പെൻഷൻ

വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, എന്നിവയാണ് പ്രധാനമായും വിതരണം ചെയ്യുന്നവ. ഇവയുടെ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | | കർഷക തൊഴിലാളി | | തൊഴിലാളി |
|---|---|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | |
| 9 | 6 | 3 | 0 | 7 | 2 | 6 |

## പട്ടികജാതി പട്ടികവർഗ്ഗം

അയ്യംമ്പുഴ പഞ്ചായത്തിന്റെ ജനസംഖ്യയിൽ 1631 പേർ ഭാഗം പട്ടികജാതി പട്ടിക വർഗ്ഗമാണ്. അവർ പ്രധാനമായും താണിക്കോട്, ചാത്തക്കുളം, മഞ്ഞന, കണക്കനംപാറ എന്നീ ഭാഗങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. 5 കോളനികൾ ഈ വിഭാഗക്കാർക്കായുണ്ട്. കോളനികളിൽ ജലം, വൈദ്യുതി, കക്കൂസ് എന്നീ അടിസ്ഥാന ഘടകങ്ങൾഉണ്ടെങ്കിലും കക്കൂസുകൾ ഇനിയും കുറെയെണ്ണം കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 212 എണ്ണമുണ്ട് ഗവ. സർവ്വീസിൽ ജോലിയുള്ളവർ 3 എണ്ണവും

## സംസ്ക്കാരം

സാംസ്ക്കാരികമായ വളർച്ച വളരെ സാവധാനത്തിലാണ് വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിൽക്കുന്ന ജനവിഭാഗം വായന, സാഹിത്യ പ്രവർത്തനങ്ങൾ എന്നിവയോട് വലിയ ആഭിമുഖ്യം കാണിക്കുകയുണ്ടായില്ല. കാലടി പ്ലാന്റേഷനിൽ ഒരു ലൈബ്രറിയിരിക്കുന്നതിനുമുമ്പ് മഞ്ഞപ്രയിലാണ് വായനസൗകര്യം ഉണ്ടായിരുന്നത് ഇപ്പോൾ പഞ്ചായത്ത് ലൈബ്രറി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ......... പുസ്തകങ്ങൾ മാത്രമാണുള്ളത്. പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും ആളുകൾക്ക് ഇവിടേയ്ക്കു വരുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ അയ്യംമ്പുഴ, വെററിലപ്പാറ, അതിരപ്പിള്ളി, കല്ലാല എന്നിവിടങ്ങളിലാണ്.

1. ചുള്ളി, Sixers Arts and Sports Club
2. Cutting, Potta, Kadukulangara
3. Plantation
4. മുരിങ്ങാടത്തുപാറ, എരപ്പ്, കുററിപ്പാറ, ചീനംചിറ

ചുള്ളി, കട്ടിംഗ്, പോട്ട, കടുകുളങ്ങര, പ്ലാന്റേഷൻ (4 എണ്ണം), മുരിങ്ങാടത്തുപാറ, എരപ്പ്, കുററിപ്പാറ, ചീനംചിറ എന്നിവിടങ്ങളിൽ യുവജന ആർട്ട്സ് & സ്പോർട്സ് ക്ലബുകളും ഉണ്ട്.

വിവിധ മതക്കാർ വളരെ സൗഹാർദത്തോടെ കഴിയുന്ന പ്രദേശമാണിത്. ക്രിസ്ത്യാനികൾക്കാണ് ഭൂരിപക്ഷം. ഹിന്ദുക്കളും (പലവിഭാഗം) ഏറെയുണ്ട്. മററുമതക്കാർ ഇല്ല.
11 ക്രിസ്ററ്യൻ പള്ളികളും 11 ക്ഷേത്രങ്ങളുമുണ്ട്. പെരുന്നാളുകൾ അതാത് ഇടവകളിൽ മാത്രം ഒതുങ്ങനിൽക്കുന്നവയാണ്. ക്ഷേത്രോത്സവങ്ങളുടേയും സ്ഥിതി വ്യത്യസ്തമല്ല. മററു പ്രദേശങ്ങളിൽ നിന്നുമുള്ള പങ്കാളിത്വം ഭാഗികമായിട്ടേയുള്ളൂ. മണ്ഡലക്കാലത്ത് നടത്തിവരുന്ന ദേശവിളക്ക് ഇപ്പോൾ നടത്തുന്നില്ല.

സ്ത്രീകൾ പുരുഷന്മാരേക്കാൾ കുറവാണ്. വിദ്യാഭ്യാസ ആരോഗ്യ രംഗത്ത് പെൺകുട്ടികൾ പുറകിലല്ല. സ്ത്രീ തൊഴിലാളികൾ എല്ലാ മേഖലകളിലുമുണ്ട്. മൊത്തമുള്ള 4291 കുടുംബങ്ങളിൽ 181 എണ്ണം വനിതകളുടെ നിയന്ത്രണത്തിൻ കീഴിലാണ്.

## സഹകരണമേഖല

1984-ൽ അയ്യംമ്പുഴ സഹകരണ സംഘം ആരംഭിച്ചത് അന്നത്തെ പഞ്ചായത്തു കമ്മിററിയുടെ തീരുമാനപ്രകാരം C. K. ഉണ്ണികൃഷ്ണൻ ചീഫ് പ്രമോട്ടറായി. 40 അംഗങ്ങളായിട്ടാണ് ആരംഭിച്ചത്. തുടർന്ന് 800 പേരോളം ടി സംഘത്തിൽ അംഗങ്ങളായി. 35000രൂ മൂലധനത്തോടെയാണ് ഗവ:സംഘം രജിസ്ററർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. സംഘത്തിന്റെ പ്രവർത്തന പരിധി അയ്യംമ്പുഴ വില്ലേജാണ്. അതായത് അയ്യംമ്പുഴ പഞ്ചായത്തിന്റെ 9 വാഡുകളും ഉൾക്കൊള്ളുന്ന സ്ഥലം. 1985ൽ സംഘത്തിൽ 2 ജീവനക്കാരെ നിയമിച്ചു. തുടർന്ന് അംഗങ്ങൾക്ക് കൃഷി വായ്പ കൊടുത്തുതുടങ്ങി കാലാകാലങ്ങളിൽ ഗവ: നിർദ്ദേശം അനുസരിച്ചു. സംഘത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഓണച്ചന്തകൾ നടത്താറുണ്ട് പ്ലാന്റേഷൻ പോസ്ററാഫീസ്, അയ്യംമ്പുഴ, ചുള്ളി എന്നീ 3 സ്ഥലങ്ങളിൽ ഓണച്ചന്തകൾ നടത്താറുണ്ട്. പല പോരായ്മകൾ ഉണ്ടായിരുന്നു എങ്കിലും ഇതുകൊണ്ട് വിലനിലവാരം കുറയ്ക്കുവാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. ആദ്യ കാലഘട്ടത്തിൽ സംഘത്തിന്റെ കീഴിൽ കശുവണ്ടി കുത്തക സംഭരണം നടത്തിയിട്ടുണ്ട്.

കാലാവസ്ഥാമാററവും മററു കാര്യങ്ങൾ കൊണ്ടും ഈ സംരംഭം തുടരാൻ കഴിഞ്ഞില്ല. സംഘത്തിൽ നിന്നും കൃഷിവായ്പക്ക് പുറമെ മദ്ധ്യകാല വായ്പ്പകൾ (M. T. ലോൺ. L. T. ലോൺ) ഹൗസിംഗ് ലോണുകൾ കക്കൂസു പണിക്കു വായ്പ്പകൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വായ്പ, പശുക്കളെ വാങ്ങാനുള്ള വായ്പ, കിണർ കുഴിയ്ക്കാൻ പമ്പുസെററു വാങ്ങാനുള്ള വായ്പകൾ എന്നിവ കൊടുത്തിട്ടുണ്ട്. എല്ലാവർഷവും S S L C യ്ക്കു കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് അവാർഡ് വിതരണം ചെയ്യാറുണ്ട് സംഘത്തിൽ വളം, തുണി എന്നിവ വിൽപ്പന നടത്തിയിട്ടുണ്ട്. ഇതുപോലെതന്നെ സഹകരണ മാവേലി സ്റേറാറുനടത്തിയിട്ടുണ്ട് (ഇപ്പോഴില്ല.)

1996 – ൽ 3000 ത്തിലേറെ അംഗങ്ങൾ ഉണ്ട് 50 ലക്ഷം രൂപ വിവിധയിനം വായ്പ ഇനത്തിൽ ഇപ്പോൾ അംഗങ്ങളുടെ പക്കലുണ്ട്. ഗവ: നിർദ്ദേശ പ്രകാരം എല്ലാവർഷവും നിക്ഷേപ സമാഹരണം നടത്താറുണ്ട്. സംഘത്തിനു സ്വന്തമായി സ്ഥലം വാങ്ങിച്ച് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സംഘത്തിൻെറ പ്രസിഡൻറ് K. J. ജോയി കാഞ്ഞൂക്കാരനാണ്.

സഹകരണ മേഖലയ്ക്ക് വേണ്ടത്ര പേരുകൾ ഇനിയും ഉണ്ടായിട്ടില്ല. 6 ക്ഷീരസംഘങ്ങളും, ഒരു ഹരിജൻ സംഘവുമാണ് അയ്യമ്പുഴ കോ– ഓപ്പറേററീവ് സൊസൈററി കൂടാതെ ഇവിടെയുള്ളത്.

## പ്രശ്നങ്ങൾ

1. സഹകരണ സംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താല്പ്പര്യം കാണിക്കുന്നില്ല.
2. ക്ഷീരോല്പാദന രംഗത്തുള്ള സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.
3. പഞ്ചായത്തിൻെറ പൊതുവികസന പദ്ധതികളിൽ സഹകരണ സംഘങ്ങൾ നിർണ്ണായക സ്വാധീനം ചെയ്യുന്നില്ല.
4. വനിതാ സഹകരണ സംഘങ്ങൾ ഇല്ല.
5. കെട്ടിട നിർമ്മാണ തൊഴിലാളികൾ, പാറമട തൊഴിലാളികൾ, കൃഷിത്തൊഴിലാളികൾ എന്നിവരെ സഹകരണ മേഖലയിൽ കൊണ്ടുവരാൻ കാര്യമായ ശ്രമങ്ങൾ നടക്കണം.

# 9-ാം പദ്ധതി

## മൃഗ സംരക്ഷണ മേഖല സാധ്യതകളും നിർദ്ദേശങ്ങളും അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ കഴിഞ്ഞ മൂന്ന് ദശാബ്ദ കാലത്ത് ഉണ്ടായ പുരോഗതി മററു മേഖലകളെ അപേക്ഷിച്ച് വളരെ ഗുണകരവും പ്രകടവുമാണ്. മൊത്തം ഉണ്ടായ വർദ്ധനവിന്(ഉദാ: പാൽ, മുട്ട, മാംസം തുകൽ മുതലായവ) കാരണം ഭാഗികമായി സംസ്ഥാന ഗവൺമെൻറ് നടപ്പാക്കിയിട്ടുള്ള നയപരിപാടികളുടെ ഫലമാണ്.

ഇക്കഴിഞ്ഞ വർഷങ്ങളിൽ മൃഗ സംരക്ഷണ രംഗത്തുണ്ടായ വികസനത്തിന്റെ ഫലമായി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ ജനങ്ങൾക്ക് ലഭിക്കുന്ന പോഷകാഹാരത്തിന്റെ അളവ് മെച്ചപ്പെടുത്തുന്നതിനും ഇതു കാരണമായി.

എന്നാൽ മൃഗ സംരക്ഷണ മേഖലയിലെ വികസനത്തിനുള്ള മുഴുവൻ സാധ്യതകളും പൂർണ്ണമായി പ്രയോജനപ്പെടുത്തണമെന്നുണ്ടെങ്കിൽ ഈ മേഖലയിലെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായി വിലയിരുത്തുകയും ഈ മേഖലയിലെ പുരോഗതിക്കുള്ള തടസങ്ങൾ എന്തൊക്കെയാണെന്ന് പഠിക്കുകയും ഈ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വികസന നയപരിപാടികളിലും പദ്ധതികളിലും ആവശ്യമായ മാററങ്ങൾ വരുത്തുകയും വേണം.

## കന്നുകാലി പ്രജനനത - ക്ഷീരോല്പാദന രംഗത്ത് ഗവൺമെൻറ് തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് (1956 – 1960) ആരംഭിച്ച കീവില്ലേജ് പദ്ധതിയിലും, മൂന്നാം പദ്ധതിക്കാലത്ത് (1961–'65) തുടങ്ങിയ ഊർജ്ജിത കന്നുകാലി വികസന പദ്ധതിയിലും, സംസ്ഥാനത്തുള്ള നാടൻ കന്നുകാലികളെ, ഉന്നത ഗുണമുള്ള ഇൻഡ്യൻ വർഗ്ഗത്തെ ഉപയോഗിച്ച് ഗുണനിലവാരം ഉയർത്തി, ക്ഷീരോൽപ്പാദനത്തിന് ഉതകിയ മെച്ചപ്പെട്ട വർഗ്ഗത്തെ വികസിപ്പിച്ചെടുക്കുന്നതിന് ഊന്നൽ നൽകുകയുണ്ടായി.

സംസ്ഥാനത്ത് നിലവിലുള്ള കാർഷിക കാലാവസ്ഥ, സാമൂഹ്യ സാമ്പത്തികാവസ്ഥ എന്നിവയിലധിഷ്ഠിതമായി പുതിയ വർഗ്ഗം കന്നുകാലികളെ ഉരുത്തിരിച്ചെടുക്കുകയെന്ന നിർദ്ദിഷ്ട ലക്ഷ്യത്തോടെ മൂന്നാം പദ്ധതിക്കാലത്ത് രൂപീകരിക്കപ്പെട്ട ഇൻഡോ – സ്വീസ് പദ്ധതി (ശരിയായി വ്യക്തമാക്കപ്പെട്ട പ്രജനന പരിപാടിയുടെ ചട്ടക്കൂട്ടിനുള്ളിൽ) ഈ ഉദ്യമങ്ങൾക്ക് ആക്കം കൂട്ടി. സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ എഴുപതുകളുടെ തുടക്കത്തിൽ വിപുലമായ രീതിയിൽ സങ്കരപ്രജനന പരിപാടി നടപ്പിലാക്കി തുടങ്ങി. വർഗ്ഗ ഗുണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനത്തിന് സഹായകമാകുമാറ് സംസ്ഥാനത്ത് വിത്തു കാളകൾക്കുള്ള കേന്ദ്രങ്ങൾ, ലിക്വിഡ് നൈട്രജൻ പ്ലാൻറുകൾ, പ്രാദേശിക ബീജ ബാങ്കുകൾ, കൃത്രിമ ബീജധാന കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന ഘടകങ്ങൾ സ്ഥാപിക്കുകയും ചെയ്തു. കഴിഞ്ഞ രണ്ടര ദശാബ്ദകാലത്തിനിടയ്ക്ക് വർഗോദ്ധാരണ പരിപാടിയുടെ അന്തസത്തയിലും വ്യാപ്തിയിലും ഗണ്യമായ മാററങ്ങളുണ്ടായി. കൃത്രിമ ബീജധാന പരിപാടിക്ക് ഉപയോഗിച്ചിരുന്ന സി. എം. ഇ. ബീജത്തിനു പകരം ഗാഢശീതീകൃത രീതിയിൽ ബീജം സൂക്ഷിക്കുന്ന സാങ്കേതിക വിദ്യ നടപ്പിലാക്കി. ജഴ്സി, ബ്രൗൺസ്വീസ്, ഹോൾസ്റ്റയിൻ ഫ്രീഷ്യൻ വർഗ്ഗങ്ങളിലെ ദാതാക്കളെ ഉപയോഗിച്ച് 50% വിദേശ ഗുണമുള്ള ഒരു സങ്കര വർഗ്ഗത്തെ ഉരുത്തിരിച്ചെടുക്കുന്ന പ്രജനന പരിപാടി സംസ്ഥാനം അംഗീകരിച്ചു. സങ്കര വർഗ്ഗങ്ങളുടെ ജനിതക പുരോഗതി സംസ്ഥാനത്തു നടപ്പിലാക്കിയ സന്തതി പരിശോധനാ പദ്ധതിയിലൂടെ ഉറപ്പാക്കുന്നു.

## നടപ്പു – പദ്ധതികൾ, പോരായ്മകൾ, മാററങ്ങൾ പ്രധാന നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേ വിഷ നിയന്ത്രണ പദ്ധതി
3. കാലി വസന്ത നിർമാർജന പദ്ധതി
4. കാലിരോഗ നിയന്ത്രണ പദ്ധതി
5. കന്നുകാലി വികസനത്തിനുള്ള മൃഗ സംരക്ഷണ സേവനങ്ങൾ
6. പന്നി വളർത്തൽ വികസന പദ്ധതി
7. ആടു വളർത്തൽ
8. വികസനവും പരിശീലനവും വിജ്ഞാന വ്യാപനവും.

9. കാലിത്തീററ മിശ്രണം
10. സമീകൃതാഹാര നിർമ്മാണം
11. മുയൽ ഉൽപാദന പദ്ധതി
12. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന പരിപാടി
13. വീട്ടു വളപ്പിലെ കോഴി വളർത്തൽ
14. താറാവു കൃഷി വികസനം / കാടയുൽ പാദനം
15. ബീജ സംകലന സൗകര്യങ്ങൾ വികസിപ്പിക്കൽ
16. വാക്സിൻ നിർമ്മാണം
17. രോഗ ഗവേഷണം
18. സ്വകാര്യ മേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും

നടപ്പു പദ്ധതികളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക. ആദ്യപ്രസവം 20-ാം മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക. ഇൻഷ്വറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

ഘട്ടം ഘട്ടമായി പേ വിഷ നിർമ്മാർജ്ജനം ചെയ്യുകയാണ് പേ വിഷ നിർമ്മാർജ്ജന പദ്ധതിയുടെ ലക്ഷ്യം. പേ വിഷത്തിനുള്ള വാക്സിൻ പകുതി വിലയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കുള്ള പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കുകയും ചെയ്യണം. നായ്ക്കളെ വളർത്തുന്നവർ ലൈസൻസ് നിർബന്ധമായും എടുത്തിരിക്കണം.

## സംകര പ്രജനനം കൃഷിയിട തലത്തിൽ നടപ്പാക്കൽ

അയ്യംമ്പുഴ പഞ്ചായത്തിലെ ഏകദേശം 50% കന്നുകാലികളും ഇന്നും നാടൻ വിഭാഗത്തിലാണ് പെടുന്നത്. പ്ലാന്റേഷൻ ഏരിയയിലാണ് നാടൻ ഇനം കൂടുതൽ ഉള്ളത് കൃത്രിമ ബീജദാനം നടത്താത്തതാണ് കാരണം. അതുകൊണ്ട് പഞ്ചായത്തിലെ മൊത്തം കന്നുകാലികളുടെ എണ്ണത്തിൽ സംകര വർഗ്ഗ കന്നുകാലികളുടെ അനുപാതം കൂട്ടേണ്ടതാണ്. അനധികൃത കാളയെ ചേർക്കൽ കേന്ദ്രങ്ങൾ കണ്ടു പിടിക്കുകയും അങ്ങനെ ഉപയോഗിക്കുന്ന കാളകളെ പഞ്ചായത്ത് ഇടപെട്ട് നശിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

നല്ല ഫലം ലഭിക്കുന്നതിനുവേണ്ടി, ശരിയായ മദി (പുളപ്പ്) നിർണ്ണയിക്കാനും അതുവഴി യഥാ സമയത്തു തന്നെ കൃത്രിമ ബീജദാനം ചെയ്യിക്കുവാനും ഉടമകളെ പ്രാപ്തരാക്കുവാനും. ഉതകുന്ന വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. എ. ഐ. വിദഗ്ധർക്കും വിജ്ഞാന വ്യാപന പ്രവർത്തകർക്കും ഇടയ്ക്കിടക്ക് അവരുടെ അറിവ് ഉതകുന്നതിനുമാറ് പരിശീലനം നൽകണം.

സംകര വർഗ്ഗ കന്നുകാലികളുടെ ജനിതക പരമായ കഴിവ് വർദ്ധിപ്പിക്കുവാൻ പ്രീമിയം ബുൾ പദ്ധതിയും, ഭ്രൂണ ധാന പദ്ധതിയും നടപ്പിലാക്കാവുന്നതാണ്.

പ്രത്യുല്പാദന പരിപാടിയുടെ നിർവഹണത്തിൽ കർഷകർക്കുള്ള കഴിവും അറിവും, വർദ്ധിപ്പിക്കണം. വൈകിയുള്ള ആദ്യ പ്രസവം ദൈർഘ്യമേറിയ ഇടവേള എന്നിവയേക്കാൾ നേരത്തേയുള്ള പ്രസവം, ഹ്രസ്വകാല ഇടവേളയിൽ ചിട്ടയായുള്ള പ്രസവവുമാണ് കാലക്രമത്തിൽ ഏററവും ആദായം ലഭ്യമാക്കുന്നതെന്ന് കർഷകരെ പഠിപ്പിക്കുകയും ബോദ്ധ്യപ്പെടുത്തി കൊടുക്കുകയും വേണം. ഇതിന് ഊർജ്ജസ്വലവും കഴിവുററതുമായ വിജ്ഞാന വ്യാപന സേവനം കൂടിയേതീരൂ.

പശു വളർത്തലിൽ ഏർപ്പെട്ടിരുന്ന കർഷകർക്ക് പ്രത്യേകിച്ച് ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക്, കന്നുകുട്ടി പരിപാലനത്തിലും വററുകാല തീററയ്ക്കും വേണ്ടത്ര വായ്പ്പയും സഹായധനവും ഏർപ്പെടുത്തികൊടുക്കണം.

## പോരായ്മകൾ, നടപടികൾ, മാററങ്ങൾ

ഓരോ വർഷവും പ്രതിരോധത്തിനാവശ്യമായ വാക്സിൻ വാങ്ങുവാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശുഷ്കാന്തി കാണിക്കേണ്ടതാണ്. ലൈസൻസ് ധിർബന്ധമാക്കുകയും സംസ്ഥാനതല പേവിഷ നിയന്ത്രണ സെൽ വിപുലീകരിച്ച് ശക്തമാക്കേണ്ടതുണ്ട്

സംസ്ഥാനത്ത് പടർന്നു പിടിക്കാൻ സാധ്യതയുള്ള കാലി വസന്ത കുളംബു രോഗം എന്നിവയെ നിയന്ത്രിക്കുവാനുള്ള പദ്ധതിയിലൂടെ പ്രതിരോധ കുത്തവയ്പുകൾ നൽകി വരുന്നുണ്ടെങ്കിലും അതിൻെറ പ്രയോജനം നമ്മുടെ

പഞ്ചായത്തിനും ലഭ്യമാകുന്നതിനുള്ള നടപടികൾ ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

പന്നിയിറച്ചിയുടെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയിലേക്ക് ആവശ്യമായ പന്നികുഞ്ഞുങ്ങളെ ലഭ്യമാക്കാൻ കഴിയുന്നില്ല എന്നതാണ് പ്രശ്നം. സർക്കാർ ഫാമുകളാണ് ഏക ആശ്രയം. മററ് ഏജൻസികളുടേയും സ്വകാര്യ സ്ഥാപനങ്ങളുടെയും പങ്കാളിത്വത്തോടെ പന്നികുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ കഴിയണം.

മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ അയ്യംമ്പുഴ പഞ്ചായത്തിൽ പ്രജനനാവശ്യത്തിനുള്ള ആടു വളർത്തൽ യൂണിററുകൾ സ്ഥാപിക്കേണ്ടതാണ്. നമ്മുടെ മലയോര പ്രദേശത്തെ വിഭവങ്ങൾ ചൂഷണം ചേയ്യുന്നതോടൊപ്പം പ്ലാവ്, സുബാബുൾ തുടങ്ങിയ വൃക്ഷങ്ങൾ കൂടുതൽ പ്രചരിപ്പിച്ച് ഈ മേഖലയിൽ ലാഭം കൂട്ടേണ്ടതായിട്ടുണ്ട്.

'അടുക്കള മുററത്തെ കോഴി' ഏററവും പ്രാവർത്തികമായ നമ്മുടെ പഞ്ചായത്തിൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പ്രശ്നമാണ്. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 2 മാസം വരെ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുന്ന വിധം "എഗ്ഗർ നേഴ്സറി" പദ്ധതി വ്യാപകമാക്കുകയും, കൂടുതൽ ഹാച്ചറി യൂണിററുകൾ സ്ഥാപിക്കുകയാണ് പരിഹാരം.

ഇറച്ചികോഴി വളർത്തൽ മേഖല പ്രതീക്ഷ ഉണർത്തുന്ന മേഖലയാണ്. പക്ഷേ ഈ മേഖലയിലെ കർഷകർ വളരെ അസംഘടിതരാണ്. പ്രദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ടു പോയാലേ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ.

വാണിജ്യാടിസ്ഥാനത്തിൽ മുയൽ ഇറച്ചിയുടെ ഉത്പാദനവും വിതരണവും സാധ്യമാകുന്ന മുയൽ വളർത്തൽ പദ്ധതി മുയൽ കുഞ്ഞുങ്ങളുടെ ദൗർലഭ്യം മൂലം വഴിമുട്ടി നില്ക്കുന്നു. മാത്രമല്ല വിപണി കണ്ടെത്തുന്നതിനും ശ്രമിക്കേണ്ടതുണ്ട്.

## മൃഗ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ

ഈ പഞ്ചായത്തിൽ നിലവിലുള്ള സാഹചര്യത്തിൽ മൃഗ ചികിത്സയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകപ്പെട്ടിട്ടില്ല. ഇപ്പോഴുള്ള മൃഗാസ്പത്രി സൗകര്യപ്രദമായ വേറെ ഒരു സ്ഥലത്ത് സ്ഥാപിക്കുകയാണെങ്കിൽ മൃഗാസ്പത്രിയുടെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ ഭാഗത്തും തുല്യമായി ലഭ്യമാക്കാവുന്നതാണ്. വളരെയധികം പരിമിതികൾ (യാത്രയ്ക്കും, മരുന്നിനും) ഉള്ളതുകൊണ്ട് പഞ്ചായത്തിലെ കർഷകർ ഭൂരിഭാഗവും (ചുള്ളി, കണ്ണിമംഗലം, പാണ്ടുപാറ, അമലാപുരം, പ്ലാൻേറഷൻ) മഞ്ഞപ്ര മൃഗാസ്പത്രിയിലാണ് പോകുന്നത്.

വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കേണ്ടതും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേതുമാണ്. ട്രവീസ് മഴയേൽക്കാത്ത രീതിയിലുള്ളതാക്കുകയും വാക്സിനുകൾ സൂക്ഷിക്കുവാൻ ഒരു റെഫ്രിജറേററുകളും ലഭ്യമാക്കേണ്ടതുണ്ട്. മൃഗാസ്പത്രിയിൽ തന്നെ പരിശോധനാ ലാബോറട്ടറി ലഭ്യമാക്കേണ്ടതുണ്ട്. മൃഗ ചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നൂതന വിധയകൾ പ്രയോഗിക്കുന്നതിനുമുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗ്രാമ പഞ്ചായത്തു മൃഗ സംരക്ഷണ വികസന സെമിനാർ രൂപീകരിച്ച് പ്രവർത്തിക്കണം. പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനാവുകയും, മൃഗ സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ, കർഷകർ, ജന പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ബാങ്കുകൾ മററു ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവരെ അംഗങ്ങളായി ഉൾപ്പെടുത്താം.

ആന്തര പരാദബാധ, അകിടുവീക്കം, വിരബാധ എന്നിവ മൂലമുള്ള നഷ്ടം കുറക്കുന്നതിന്, വിരയ്ക്കെതിരെ മരുന്നുകൾ മററു ചെലവേറിയ മരുന്നുകൾ എന്നിവ സൗജന്യമായോ അല്ലെങ്കിൽ ഉദാരവിലയ്ക്കോ ലഭ്യമാക്കണം. പ്രത്യേകിച്ച് ദുർബല വിഭാഗത്തിൽപ്പെട്ട കന്നുകാലി ഉടമകൾക്ക് നല്ല തൊഴുത്ത് നിർമ്മിച്ച് (കോൺക്രീററ് ഫ്ളോർ) അകിടു വീക്ക ബാധ കഴിയുന്നത്ര കുറയ്ക്കാവുന്നതാണ്. അകിടു വീക്ക നിയന്ത്രണ കിററ് എല്ലാ കർഷകർക്കും ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

അകിടു വീക്കബാധ മൂലം കാലികൾ മരണമടയുകയോ, സ്ഥിരമായ അവശതക്കിടവരുകയോ, കറവ നിൽക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം നികത്താത്തതായി കന്നുകാലി ഇൻഷുറൻസ് പദ്ധതി കൂടുതൽ ഊർജ്ജിതപ്പെടുത്തണം. ദുർബല കർഷകർക്ക് പ്രീമിയം തുകയിൽ

ഇളവ് അനുവദിക്കാൻ സബ്സിഡിയും നൽകണം.

ഈ പഞ്ചായത്തിൽ മൃഗ ചികിത്സയിൽ ഡോക്ടർമാരല്ലാത്തവർ പ്രവർത്തിക്കുന്നതായും അതുമൂലം അകിടുവീക്കം മററുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന അണുക്കൾ പ്രതിരോധ ശക്തിരൂപീകരിച്ച് ലഭ്യമായ മരുന്നുകൾ കൊണ്ട് നിയന്ത്രിക്കാൻ കഴിയാത്ത രീതിയിലേക്ക് നീങ്ങികൊണ്ടിരിക്കുന്നതായും വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ ഡോക്ടർമാരല്ലാത്തവർ മൃഗ ചികിത്സാരംഗത്ത് പ്രാക്ടീസ് ചെയ്യുന്നവരെ കണ്ടുപിടിക്കുകയും അവർക്കെതിരെ നടപടികൾ എത്രയും വേഗം എടുക്കേണ്ടതുമാണ്. ഡോക്ടർമാരല്ലാതെ പ്രസ്ക്രിപ്ഷൻ എഴുതുന്നവരെയും മരുന്നു നൽകുന്ന മെഡിക്കൽ ഷോപ്പുകൾക്കെതിരെയും നടപടികൾ സ്വീകരിച്ചാൽ മാത്രമേ മൃഗ ചികിത്സാരംഗത്ത് ഇപ്പോൾ ഉള്ള അനിശ്ചിതാവസ്ഥ നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

അയ്യംമ്പുഴ പഞ്ചായത്തിൽ ചിതറിക്കിടക്കുന്ന പ്രദേശിക അറവുശാലകൾ ധാരാളം ഉണ്ട്. 30 കന്നുകാലികളെ ആഴ്ച തോറും കശാപ്പു ചെയ്യുന്നുണ്ട്. പൊതുജനാരോഗ്യം അപകടപ്പെടുത്തുന്ന രീതിയിൽ റോഡരുകിൽ കെട്ടി തൂക്കിയുള്ള മാംസ വിൽപ്പന നിരോധിച്ച് മാതൃകാ മീററ് സ്ററാളുകൾ നടത്തുന്നതായിരിക്കും അഭികാമ്യം. ശാസ്ത്രീയ രീതിയിലുള്ള അറവുശാലകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർമ്മിക്കണം.

ആദായകരമായ പാലുത്പാദനത്തിന് ഏററവും വലിയ വെല്ലുവിളി അനുദിനം വർദ്ധിച്ചു വരുന്ന കാലിതീററയുടെ വിലയാണ്. ആയതിനാൽ കാലിതീററയുടെ വിലയിൽ വരുന്ന ക്രമാതീതമായ വില വർദ്ധനവിൽ സർക്കാർ ഇടപെടേണ്ടതാണ്.

പഞ്ചായത്തിലെ പാലുത്പാദനം കൂടുവാനും തൊഴിലില്ലായ്മ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാനും 2, 3 പശുക്കളടങ്ങുന്ന മിനി ഡയറി യൂണിററുകൾ വാർഡുതോറും സർക്കാർ സഹായത്തോടെ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. 15 വനിതകൾ അടങ്ങുന്ന വനിതാസംരംഭകർക്കുള്ള പശു വളർത്തൽ യൂണിററുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. വനിതാസംരംഭകരെ സഹകരണാടിസ്ഥാനത്തിൽ യോജിപ്പിച്ച് ക്ഷീര ഗ്രാമങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.

കാലികർഷകർ അവരുത്പാദിപ്പിക്കുന്ന പാലിനനുസൃതമായി പഞ്ചായത്തു തലത്തിൽ സബ്സിഡി നൽകുവാനുള്ള പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കാനും പ്രദേശിക ക്ഷീര വിപണനസംഘങ്ങൾ മുൻകൈയ്യെടുത്ത് തീററ പുൽകൃഷി വ്യപകമാക്കണം. കർഷകൻെറ പറമ്പിൽ തന്നെ പോഷക ഗുണമുള്ള നേപിയർ/ ഗിനി, ചോളം തുടങ്ങിയവ കയ്യാലയിലോ, ഇടവിളയായോ കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കളെയും ഘട്ടം ഘട്ടമായി ഊർജ്ജിത കന്നുകുട്ടി പരിപാലന പദ്ധതിയിൽ രജിസ്ററർ ചെയ്ത് ആനുകൂല്യം നൽകേണ്ടതാണ്. വീട്ടുമുററത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ 45 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകാവുന്നതാണ്. പ്രതിവർഷം 1000 യൂണിററുകൾ വീതം സ്ഥാപിക്കാവുന്നതാണ്. കോഴി കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ പഞ്ചായത്തിൽ എഗ്ഗർ നഴ്സറികൾ സ്ഥാപിക്കേണ്ടതാണ്. ഇറച്ചികോഴി വ്യാപകമാക്കുന്നതിലേയ്ക്കായി കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചികോഴികളെ വീതം വില്പനക്ക് സജ്ജമാക്കുന്നത് ഒരു സമഗ്ര പദ്ധതി പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്. പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിൽ ഗ്രാൻഡ് ഇൻ എയ്ഡ് പുഖുനത യൂണിററുകൾ നടപ്പാക്കണം.

ചുരുക്കത്തിൽ കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായിട്ട് വികസനം മുരടിയ്ക്കാത്ത, ഗ്രാമീണ സംബദ്ഘടനയ്ക്ക് കാതലായ സംഭാവന നൽകിയ അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ച ഒരു രംഗമാണ് മൃഗ സംരക്ഷണ പാലുത്പാദന മേഖല. എന്നാൽ ആസൂത്രണ പ്രക്രിയയിൽ കാര്യമായ പ്രാധാന്യവും. സ്ഥാനവും, പദ്ധതി വിഹിതവും ഈ മേഖലയ്ക്ക് ഇന്നുവരെ ലഭിച്ചിട്ടില്ല. അതിനാൽ വരുംകാല പദ്ധതികളിൽ വേണ്ടത്ര പ്രാധാന്യവും വിഹിതവും ശ്രദ്ധയും കൊടുത്താൽ ഭാവിയിൽ നമ്മുടെ ഗ്രാമീണ സംബദ്ഘടനയുടെ പ്രതിശീർഷ ഭൂമിയുടെ ലഭ്യതയിലും ആളോഹരി വരുമാനത്തിലും, പുരോഗതിക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കാം.

## കോതായി അമലാപുരം:

കോതായി തോടിനോട് ചേർന്ന് കുളം കുഴിച്ച് മോട്ടോർ സ്ഥാപിച്ച്, അമലാപുരത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം ചെയ്താൽ VI V വാർഡുകാർക്ക് പ്രയോജനം ചെയ്യും.

## കാരക്കാട്ടു ചിറ ജലസേചന പദ്ധതി

150 ഹെക്ടർ
ഒലിവേലി
പന്നം ചിറ
പാണ്ടുപാറ തോടിന് കുറുകെ ക്രോസ് ബാർ (കവളംപാറ തോട്ടിൽ, പുത്തൻ തോടിന്)

മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾക്ക് പുറമെ ഒരു വൻ പദ്ധതിക്ക് കൂടി രൂപം നൽകുകയാണ്. കോടികണക്കിന് ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിൽ നിന്നും പൈപ്പു വഴിയോ, കനാൽ വഴിയോ വെള്ളം പ്ലാന്റേഷൻ കോർപ്പറേഷൻ കൂടി ചുള്ളി തോടിന്റെ കിഴക്കേ അററത്ത് എത്തിച്ചാൽ, അയ്യമ്പുഴ, മൂക്കന്നൂർ, തുറവൂർ, മഞ്ഞപ്ര, മലയാററൂർ നീലീശ്വരം എന്നീ പഞ്ചായത്തുകൾക്ക് ഉപകരിക്കും. നിലവിൽ ഒരു പൂ, രണ്ടു പൂ കൃഷി ചെയ്യുന്ന വയലുകൾ മൂന്ന് പൂ കൃഷിക്ക് ഉപകരിക്കും.

ഈ പ്രോജക്ട് യാഥാർത്ഥ്യമായാൽ ചുള്ളി, മുല്ലപ്പാറ, കോതായി തോട് സജീവമാകും. അങ്ങനെ കുടിവെള്ള പ്രശ്നത്തിന് വരെ ഇത് ഉപകരിക്കും.

IX–ാം വാർഡിൽ ചുള്ളി മെയിൻ റോഡിനോട് ചേർന്ന് ഉറുമീസിന്റെ വിററ സ്ഥലത്ത് മണ്ണെടുത്ത് മാററിയ ഭാഗത്ത് നിലവിൽ 12 മാസവും വെള്ളമുണ്ട്. ഇപ്പോൾ ഇത് ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ടി സ്ഥലം പഞ്ചായത്ത് ഏറെറടുത്ത് ഒരു പൊതുകിണർ കുഴിച്ചാൽ ഏകദേശം 50 കുടുംബക്കാർക്ക് ഉപകരിക്കും.

## ജലസേചന പദ്ധതി:

മുല്ലപ്പാറ തോടിനോട് ചേർന്ന് പമ്പുസെററ് സ്ഥാപിച്ച് പൈപ്പ് വഴി താണിക്കോട് എത്തിച്ച് അവിടെ നിന്നും ചാലുകൾ വഴി വെള്ളം തിരിച്ചുവിട്ടാൽ VIII, IX, VII, VI, IV വാർഡുകൾക്ക് ഉപകരിക്കും. കൂടാതെ കുടിവെള്ള പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കൂടിയാണിത്. സമീപപ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം ഉണ്ടാകും.

## ജല ലഭ്യത

| തോട് പേര് | 12മാസം | 10മാസം | 7മാസം |
|---|---|---|---|
| പ്ലാന്റേഷൻ, ചുള്ളി | | | ,, |
| മുല്ലപ്പാറ, മഞ്ഞിക്കാട്, കോതായി | | ,, | |
| കടുകുളങ്ങര | | | ,, |
| പാണ്ടുപാറ | | | ,, |
| പന്നംചിറ | | | ,, |

മുല്ലപ്പാറ, മഞ്ഞിക്കാട്, കോതായി തോട്ടിൽ 12 മാസവും വെള്ളം കിട്ടണമെങ്കിൽ ചാലക്കുടി ഇടതുകര കനാലിൽ വേനൽ കാലത്ത് വെള്ളം തുറന്നുവിടണം. എന്നാൽ ഇപ്പോൾ യഥാസമയം ഈ കനാലിൽ വെള്ളം ഉണ്ടാകാത്തതുമൂലം ഈ തോടിനെ അപേക്ഷിച്ച് കൃഷിചെയ്യുന്ന വയലുകൾ മിക്കവാറും ഉണങ്ങാറ് പതിവാണ്. അങ്ങനെ കർഷകന് വൻ നാശനഷ്ടം വരുത്താറുണ്ട്.

**കനാൽ:** ഈ പഞ്ചായത്തിൽ വെള്ളംഉള്ള ഒരു കനാലുപോലുമില്ല. 1980 കാലഘട്ടത്തിൽ നിർമ്മാണം തുടങ്ങിയ എടലക്കാട്, ചുള്ളി കനാൽ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഈ കനാലിൽ വെള്ളം വന്നാൽ ചുള്ളിപാടം മൂന്ന്പൂ കൃഷിക്ക് ഉപകരിക്കും. അതുപോലെ ചുള്ളി പ്രദേശത്തെ കുടിവെള്ളക്ഷാമം കുറെയൊക്കെ പരിഹരിക്കപ്പെടും.

ഇടമലയാർ കനാലിന്റെ ഒരു ശാഖ അമലാപുരത്തുനിന്നും വടക്കോട്ട് തട്ടുപാറ, നെടുംകോട്, ചീനംചിറ എന്നീ പ്രദേശത്തുകൂടി കടന്നുപോകുന്നുണ്ട്. എന്നാൽഇതിന്റെ യാതൊരു വിധ പ്രവർത്തനവും ഇതുവരെ നടന്നിട്ടില്ല, കല്ലിടൽ ഒഴിച്ചാൽ.

ഭൂമിശാസ്ത്രപരമായി ഈ പഞ്ചായത്തിനെ അപേക്ഷിച്ച് വളരെയധികം ഉയരത്തിലാണ് അതിരപ്പിള്ളി പുഴയും വെള്ളച്ചാട്ടവും, ഇവിടെ വേനൽക്കാലത്തും വെള്ളം സമൃദ്ധമാണ്. ഇവിടെ നിന്നും പൈപ്പ് വഴിയോ കനാൽ മാർഗമോ വെള്ളം പ്ലാന്റേഷൻ കോർപ്പറേഷനിൽ കൂടി ചുള്ളി തോടിന്റെ കിഴക്കേ അററത്ത് എത്തിച്ചാൽ ഈ പഞ്ചായത്തിലെ ചുള്ളി, മുല്ലപ്പാറ, മഞ്ഞിക്കാട്, കോതായി തോടുകൾ വേനൽക്കാലത്തും സമൃദ്ധമാകും. അങ്ങനെ ആയാൽ ഇരു പൂ കൃഷി നിലം മൂന്ന് പൂ കൃഷിയിടങ്ങളാകും. ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്യും.

ഈ പദ്ധതി യാഥാർത്ഥ്യമായാൽ കുടിവെള്ള ക്ഷാമം ഒട്ടുമുക്കാലും പരിഹരിക്കപ്പെടും.

## കുടിവെള്ളം:

കുന്നുകളും, താഴ്‌വരകളും, ചരിവുകളും മാത്രമുള്ള ഈ മലയോര പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. ജനസംഖ്യയിൽ 90% ആളുകളും കുടിവെള്ളത്തിന്റെ വിഷമം അനുഭവിക്കുന്നവരാണ്.

## കുടിവെള്ള ലഭ്യത:

| | വെള്ളം ലഭിക്കുന്ന മാസങ്ങൾ | | ചരിവ് | | വയൽ പ്രദേശം | |
|---|---|---|---|---|---|---|
| | കിണർ | കുളം | കിണർ | കുളം | കിണർ | കുളം |
| കുന്നിൻ പ്രദേശം | 6 | | | | | |
| ചരിവ് പ്രദേശം | | | 7.9 | | | |
| വയൽ പ്രദേശം | | | | | 12 | 12 |

കുന്നിൻ പ്രദേശത്ത് ഏകദേശം 10–12 അടി ആഴത്തിൽ പാറയാണ്. ചരിവു പ്രദേശത്ത് 15–20 അടി ആഴത്തിലും, എന്നാൽ വയൽ പ്രദേശത്ത് 35–40 അടി ആഴത്തിൽ വെള്ളവും ചെളിയുമാണ്.

1985-ൽ മഞ്ഞപ്ര പഞ്ചായത്തിനും അയ്യമ്പുഴ പഞ്ചായത്തിനും കൂടി ഉണ്ടാക്കിയ പ്രോജക്ടാണ് നീലീശ്വരം. പെരിയാറിൽ നിന്നും വെള്ളം പമ്പുചെയ്ത് ഈ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ നികത്തണമെന്ന ധാരണയിലാണ് ഈ പ്രോജക്ട് ഉണ്ടാക്കിയത്. നിർഭാഗ്യകരമെന്ന് പറയട്ടെ രണ്ട് പഞ്ചായത്തിലും കൂടി ആയിരകണക്കിന് കുടുംബങ്ങൾക്ക് ഈ പദ്ധതി ഇന്ന് ഒരു ലക്ഷ്യപ്രാപ്തിയിലല്ലാതായിരിക്കുകയാണ്. കാരണം പദ്ധതി ഉദ്ദേശിച്ചതിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചതിന്റെ ഫലമായി പൊതുടാപ്പുകളും ഹൗസ് കണക്ഷനുകളും പരിധിയിൽ കവിഞ്ഞ് ആയി. അതുകൊണ്ടുതന്നെ നിലവിലുള്ള ടാപ്പുകളിൽ വെള്ളം കിട്ടാതെ ആവുകയും ചെയ്തു.

നിലവിലുള്ള ലൈനുകളിൽ വാൽവുകൾ അടച്ച് ക്രമീകരിച്ചാണ് ഓരോരോ പ്രദേശത്തേക്ക് വെള്ളം തിരിച്ചുവിടുന്നത്. ആയതിനാൽ ചില പ്രദേശങ്ങളിൽ പാതിരാത്രിയാണ് വെള്ളം കിട്ടുന്നത് തന്നെ.

## മുല്ലപ്പാറ താണിക്കോട് പദ്ധതി:

ഈ പദ്ധതി പ്രകാരം മുല്ലപ്പാറ തോടിനോട് ചേർന്ന് കുളം കുഴിച്ച് പമ്പുസെററ് സ്ഥാപിച്ച് താണിക്കോട് ടാങ്കിൽ വെള്ളം സ്റ്റോക്ക് ചെയ്തു സപ്ലൈ ചെയ്താൽ VIII, IX, VII വാർഡുകളിൽ കുറച്ചധികം പേർക്ക് ഉപകരിക്കും.

# ക്ഷീര വികസനം - അയ്യമ്പുഴ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ക്ഷീര വികസന പദ്ധതികൾ

### പദ്ധതി-1 മാതൃകാ ഡയറി ഫാം പദ്ധതി

യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യത ലക്ഷ്യമാക്കി മോഡൽ ഡയറി ഫാം യൂണിററ് പദ്ധതി ഉൽപ്പാദനക്ഷമതയുള്ള മൂന്ന് പശുക്കളെ വാങ്ങണം. മൂന്ന് ഉരുക്കാംക്ക് ആവശ്യമായ പച്ചപുല്ല് സ്വന്തമായി കൃഷി ചെയ്തുണ്ടാക്കാൻ സാധ്യതയില്ലെങ്കിൽ, 50-60 Kg പുല്ലിന്റെ ലഭ്യത ഉള്ളവരെ തിരഞ്ഞെടുക്കാം. സ്വന്തമായി കൃഷി ചെയ്യുന്നവർക്ക് മോട്ടോർ പമ്പ് സെററ് ലഭ്യമാക്കി എല്ലാ സമയത്തും പുല്ലിന്റെ ലഭ്യത ഉറപ്പാക്കണം.

ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ പദ്ധി പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ സന്ദർശിക്കുന്നതും ആവശ്യമായ നിർദ്ദേശങ്ങാം നല്കുന്നതും കൂടാതെ മററെല്ലാ രീതിയിലുള്ള സഹായവും നല്കി പദ്ധതിയുടെ വിജയം ഉറപ്പാക്കാൻ സഹായിക്കും. പശുവിൽ നിന്നും ലഭിക്കുന്ന ചാണകം, ഗോമൂത്രം എന്നിവ പ്രയോജനപ്പെടുത്തി മററുകൃഷിയും പ്രോത്സാഹിപ്പിക്കും. സബ്സിഡിയായി ഒരു യൂണീററ് 10,000/- ലഭ്യമാക്കണം.

### പദ്ധതി 2 കന്നുകാലിതൊഴുത്ത് നിർമ്മാണം

വൃത്തിയുള്ള പരിസരം സങ്കരയിനം കറവ പശുക്കാംക്കും കിടാക്കാംക്കും അനിവാര്യമാണ്. രോഗങ്ങാം മുഖേന കർഷകർക്ക് നേരിടുന്ന കഷ്ട നഷ്ടങ്ങളിൽ നിന്നും ഒരു പരിധിവരെ മോചനം നേടാൻ നല്ല തൊഴുത്തും പരിസരവും സഹായിക്കും. ഒരു തൊഴുത്തിന് (15 × 10 അടി വിസ്തീർണ്ണമുള്ളത്) 3000 രൂപ വരെ ധനസഹായമാ ലഭ്യമാക്കാം.

### പദ്ധതി-3 വൈററമിൻ സപ്ലിമെൻറ്, മിനറൽ മിക്സ്ച്ചർ:

വൈററമിൻ സപ്ലിമെൻറ്, മീനെണ്ണ എന്നിവ കിടാക്കളുടെ ശരിയായ വളർച്ചക്കും, മിനറൽ മിക്സ്ച്ചർ കറവപശുക്കാംക്കു ഉണ്ടാകുന്ന ധാതുലവണങ്ങളുടെ കുറവുകാം മൂലമുണ്ടാകുന്ന അസുഖങ്ങളിൽ നിന്നും മോചനം നല്കും മേൽ പറഞ്ഞവ പകുതി വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കി കൂടുതൽ കർഷകർ ഇതു വാങ്ങി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക വഴി കന്നുകുട്ടികളെ നേരത്തെ മദിയിലെത്തിക്കാനും കറവ പശുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും സഹായിക്കും. ഇത് പഞ്ചായത്തിലെ പാലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കന്നുകുട്ടികളെ നേരത്തെ മദിയിലെത്തിക്കുക വഴി കർഷകന് സാമ്പത്തിക നേട്ടത്തിനും ഇടവരുത്തും. 200 കിലൊ മിനറൽ മിക്സ്ച്ചർ 150കുപ്പി (1 കുപ്പി 5000ml) വൈററമിൻ സപ്ലിമെൻറ് കർഷകർക്ക് യഥാക്രമം 10 രൂപ, 30 രൂപ എന്നീ നിരക്കുകളിൽ ലഭ്യമാക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് 6500 രൂപ വകയിരുത്താവുന്നതാണ്.

### പദ്ധതി-4 കർഷക സമ്പർക്ക പരിപാടികൾ:

ക്ഷീര കർഷകരുമായി മുഖാമുഖം ചർച്ചകാം നടത്തുന്നതിനും, ശാസ്ത്രീയമായ പശുവളർത്തൽ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ഉള്ള പദ്ധതിയാണ് ഇത്. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരെയും ഇത്തരം ക്ലാസുകളിൽ പങ്കെടുപ്പിക്കാവുന്നതാണ്. നോട്ടീസ് തയ്യാറാക്കുന്നതിനും ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നൽകുന്നതിനും ക്ലാസൊന്നിന് 250-രൂപ വക കൊള്ളിക്കാവുന്നതാണ്.

### പദ്ധതി-5 പുൽകൃഷി വികസനം

ആദായകരമായ ക്ഷീരോൽപ്പാദനത്തിനും, ഉരുക്കാംക്ക് രോഗപ്രതിരോധ ശക്തിയുണ്ടാവുന്നതിനും ഗുണനിലവാരമുള്ള പച്ചപ്പുല്ല് ലഭ്യമാവണം. സ്ഥലമുള്ള കർഷകരെ കൊണ്ട് സ്വയം കൃഷി ചെയ്യിക്കാൻ ശ്രമിക്കേണ്ടതും സ്വന്തമായി

സ്ഥല സൗകര്യമില്ലാത്ത കർഷകർക്ക് അത് ലഭ്യമാക്കാൻ പഞ്ചായത്തു വക പുറമ്പോക്ക് സ്ഥലങ്ങളോ, ഭൂവുടമകളുടെ സ്ഥലം പാട്ടത്തിനെടുത്തോ കൃഷി ചെയ്യാവുന്നതാണ്. 2 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പാക്കാൻ 2000/- രൂപ വക കൊള്ളിക്കാവുന്നതാണ്. പുൽവിത്ത്, പുൽകടകം, രാസവളം എന്നിവ ലഭ്യമാക്കാനാണ് ഈ തുക.

## പദ്ധതി-6 പാലുല്പന്ന നിർമ്മാണക്ലാസുകൾ

പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക പഞ്ചായത്തിലെ ജനങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ ആരോഗ്യ നില മെച്ചപ്പെടുത്തുന്നതിനും രുചികരമായ പാലുല്പന്നങ്ങൾ നിർമ്മിക്കാൻ വീട്ടമ്മമാർക്ക് പരിശീലനം നൽകുന്ന പദ്ധിതയാണിത്. ചോക്ലേററ്, പേഡ, ബർഫി, ഗുലാബ് ജാമുൻ പനിനീർ, തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാം. ഒരു ക്ലാസിന് 150/ രൂപ പ്രകാരം 10 ക്ലാസ് നടത്തുന്നതിന് 1500/രൂപ വക കൊള്ളിക്കാം.

## പദ്ധതി-7 തൊഴുത്ത് വൃത്തിയാക്കുന്നതിന് അണുനാശിനി വിതരണം ചെയ്യുന്ന പദ്ധതി:

തൊഴുത്ത് വൃത്തിയായും, അണുവിമുക്തമായും സൂക്ഷിക്കുന്നതിനും അകിട് അണുവിമുക്തമാക്കി സൂക്ഷിക്കുന്നതിനും ആവശ്യമായ രാസപദാർത്ഥങ്ങൾ പകുതി വിലയ്ക്ക് ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. പഞ്ചായത്തിൽ 200 പേർക്ക് 30 രൂപ വിലയ്ക്ക് കെമിക്കൽസ് അടങ്ങിയ കിററ് ലഭ്യമാക്കാം. ഈ പദ്ധതി പ്രകാരം പഞ്ചായത്തിന് 6000 രൂപ ചെലവ് പ്രതീക്ഷിക്കാം.

## പദ്ധതി-8 ഉൽപ്പാദനശേഷിയുള്ള കറവപശുവിനെ വാങ്ങാൻ പദ്ധതി:

ഉൽപ്പാദനശേഷിയുള്ള കറവപശുവിനെ വാങ്ങി ആദായകരമായ രീതിയിൽ ക്ഷീരോൽപ്പാദനം നടത്തുന്നതിന് ബാങ്ക് വായ്പകൂടി ഉപയോഗപ്പെടുത്തിയുള്ള പദ്ധതി. 10 ലിററർ ഉൽപ്പാദനശേഷിയുള്ള കറവപശുക്കൾക്ക് 5000 രൂപ വരെ ധനസഹായവും ബാക്കി ബാങ്ക് വായ്പയായും ലഭ്യമാക്കാം.

## പദ്ധതി-9 കന്നുകാലിത്തീററ നിർമ്മാണ യൂണിററ്:

അങ്കമാലി മേഖലയിൽ സുലഭമായ അരിതവിട്, തേങ്ങാപ്പിണ്ണാക്ക് എന്നിവ കൂടുതൽ ഉപയോഗപ്പെടുത്തിയുള്ള കന്നുകാലിത്തീററ നിർമ്മാണ യൂണിററ് ആരംഭിക്കുന്ന പദ്ധി. 2 മെട്രിക് ടൺ ശേഷിയുള്ള പ്ലാൻറ് സ്ഥാപിക്കാൻ 6,00,000/ രൂപ ചിലവുവരും. പഞ്ചായത്തിന്റെ ധനസഹായമായി 2,00,000/ രൂപയും 200 രൂപ മുഖവിലയുള്ള 1000/ ഓഹരികൾ വഴി 2,00,000/ രൂപയും ബാങ്ക് വായ്പയായി 2,00,000/ രൂപയും ലഭ്യമാക്കണം. കർഷകരുടെ ഒരു സൊസൈററി രൂപീകരിച്ച് ഈ പദ്ധതി ഏറെറടുപ്പിക്കാവുന്നതാണ്.

# അയ്യമ്പുഴ പഞ്ചായത്തിൽ നടപ്പാക്കാവുന്ന ക്ഷീരവികസന പദ്ധതികൾ

| ക്രമ ന. | പദ്ധതിയുടെ പേര് | യൂണിററ് | പദ്ധതി അടങ്കൽ | ആകെ തുക | സബ്സിഡി യൂണിററൊന്നിന് | പഞ്ചായത്ത് നീക്കിവയ്ക്കേണ്ടതുക |
|---|---|---|---|---|---|---|
| 1 | മാതൃക ഡയറി ഫാം യൂണിററ് പദ്ധതി | 2 | 30,000 | 60,000 | 10000 | 20,000 |
| 2 | കന്നുകാലി തൊഴുത്ത് നിർമ്മാണം | 15 | 6,000 | 90,000 | 3000 | 45,000 |
| 3a | വൈററമിൻ സപ്ലിമെൻറ് | 150 കുപ്പി | 60 | 9000 | 30 | 4500 |
| 3b | മിനറൽ മിക്സ്ച്ചർ | 200 Kg | 20 | 4000 | 10 | 2000 |
| 4 | കർഷക സമ്പർക്ക പരിപാടി | 10 | 250 | 2500 | 250 | 2500 |
| 5 | പുൽകൃഷി വികസനം | 2 ഹെക്ടർ | 1000 | 2000 | 1000 | 2000 |
| 6 | പാലുല്പന്ന നിർമ്മാണ ക്ലാസുകൾ | 10 | 150 | 1500 | 150 | 1500 |
| 7 | തൊഴുത്ത് വൃത്തിയാക്കുന്നതിന് കെമിക്കൽസ് നല്കുന്ന പദ്ധതി | 200 | 60 | 12000 | 30 | 6000 |
| 8 | ഉൽപാദന ശേഷിയുള്ള കറവ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി | 10 | 10000 | 1,00,000 | 5000 | 60,000 |
| 9 | കന്നുകാലിത്തീററ നിർമ്മാണയൂണിററ് | 1 | 6,00000 | 6,00,000 | 2,00,000 | 2,00,000 |
| 10 | വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി പദ്ധതി | 2 Hectars | 15,000 | 8,81000<br>30000 | 15,000 | 3,33,500<br>30000 |
| | | | | 9,11000 | | 3,63,500 |

## SUMMARY

പദ്ധതി അടങ്കൽ — **Rs. 9,11,000**

പഞ്ചായത്ത് ഫണ്ടിൽ നിന്നും നീക്കിവയ്ക്കാവുന്ന തുക — **Rs. 3,63,500**

## ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ:

1 അതിരപ്പിള്ളിയിൽ നിന്നും കനാൽ/പൈപ്പ് വഴി പ്ലാന്റേഷൻ കോർപ്പറേഷൻ ഭൂമിയിലൂടെ അയ്യമ്പുഴ തോട്ടിലും അവിടെ നിന്നും ചുള്ളി തോട്ടിലും വെള്ളം എത്തിയാൽ അയ്യമ്പുഴ, മൂക്കന്നൂർ, തുറവൂർ, മഞ്ഞപ്ര, മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടും. ഇരുപ്പൂ കൃഷി മൂന്ന് പൂ കൃഷിയാക്കാനും സാധിക്കും. വൻചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രോജക്ട് യാഥാർത്ഥ്യമായാൽ ചുള്ളി, മൂലേപ്പാറ, കോതായി, അയ്യമ്പുഴ തോടുകൾ സജീവമാവുകയും കുടിവെള്ള പ്രശ്നം വരെ വലിയ അളവിൽ പരിഹരിക്കപ്പെടുകയും ചെയ്യും.

2 ചാലക്കുടി ഇടതുകര കനാലിൽ നിന്നും കൂടുതൽ ജലം അയ്യമ്പുഴയ്ക്ക് ലഭ്യമാക്കണം.

3 ചുള്ളി തോടിന് കുറുകെയുള്ള ക്രോസ് ബാർ അററകുററ പണി ചെയ്ത് നന്നാക്കേണ്ടതാണ്.

4 അമലാപുരം കണക്കനാം പാറ ഭാഗത്തുള്ള മരപ്പാലം പഴകി ദ്രവിക്കുകയും, ആയതിൽ നിന്ന് താഴെ വീണ് മരിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാനത്ത് ഒരു കോൺക്രീററ് പാലം അത്യാവശ്യമാണ്.

5 ഒഴുപ്പിള്ളി ക്രോസ് ബാർ 250 ഏക്കർ സ്ഥലത്തേക്കുള്ള ഏകജലസേചന മാർഗമാണ് ഒഴുപ്പിള്ളി. മൂന്നു പൂ കൃഷി ചെയ്യുന്ന ടി പാടശേഖരം ഇപ്പോൾ ഡാം തകർന്ന നിലയിലായതിനാൽ കൃഷി മുടങ്ങിയിരിക്കുന്നു. അയ്യമ്പുഴ ഏററവും മുൻഗണന കൊടുക്കേണ്ട പദ്ധതിയാണിത്.

6 കോതായി ഡാമിൽ നിന്നും കിഴക്കോട്ട് വെള്ളം ഒഴുകുന്ന തോട് പലയിടങ്ങളിലായി പൊട്ടി നിയന്ത്രിക്കാൻ കഴിയാത്തവിധം നഷ്ടപ്പെട്ടുപോകുന്നു. അടിയന്തിരമായി ടി തോട് സിമൻറ് ഉപയോഗിച്ച് കെട്ടി ഭദ്രമാക്കണം. ഇതിന്റെ 100 ഏക്കർ സ്ഥലത്തേയ്ക്ക് അത്യാവശ്യമാണ്.

7 കാരക്കാട് ചിറ:

6-ാം വാർഡിൽ തെക്കേഭാഗത്തു സ്ഥിതി ചെയ്യുന്നതാണ് ടി ചിറ. അത് രണ്ട് ഭാഗങ്ങളായാണ് ഇപ്പോൾ കിടക്കുന്നത്. രണ്ടും യോജിപ്പിന് താഴ്ത്തിയാൽ 200 ഏക്കർ സ്ഥലത്തേയ്ക്ക് ജലസേചനം നടത്താം. കൂടാതെ ലിഫ്ററ് ഉപയോഗിച്ച് കരഭൂമിയിലേക്ക് ഈ വെള്ളം പ്രയോജനപ്പെടുത്താം.

8 ഇപ്പോൾ മഞ്ഞപ്ര ഇലക്ട്രിക് സെക്ഷൻ പരിധിയിലാണ് ഇവിടുത്തെ വൈദ്യുതി സംബന്ധമായ കാര്യങ്ങൾ നടക്കുന്നത്. മഞ്ഞപ്ര സെക്ഷനിൽ ഇപ്പോൾ 10000ൽ താഴെ കണക്ഷനുകൾ ആയതുമൂലം ഈ പഞ്ചായത്തിലെ വികസന കാര്യങ്ങൾക്ക് കണക്ഷനുകൾ കിട്ടാൻ താമസം നേരിടുന്നു. ആയതുകൊണ്ട് അയ്യമ്പുഴ ഭാഗത്ത് ഒരു സെക്ഷൻ സ്ഥാപിച്ച് അതിലേക്കുള്ള ഉദ്യോഗസ്ഥരെയും നിയമിച്ച്, വോൾട്ടേജ് സംബന്ധമായിട്ടുള്ള പരാതികളും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

9 അയ്യമ്പുഴ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ SC-ST വിഭാഗത്തിൽപ്പെട്ടവർ കൂട്ടംകൂട്ടമായി താമസിക്കുന്നുണ്ട്. അവിടെ ഇലക്ട്രിക് കണക്ഷനു വേണ്ടി വർഷങ്ങളായി കാത്തിരിക്കുന്നവരാണ് മിക്കവരും. ടി സ്ഥലങ്ങൾ അംഗീകൃത കോളനിയായി അംഗീകരിച്ച് കണക്ഷൻ കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## അനുബന്ധം - 2

### അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: A രജിസ്റ്റർ, BT രജിസ്റ്റർ)

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മേൽ |
| 1 | 2 H.A.SM | 3 H.A.SM | 4 H.A.SM | 5 | 6 H.A.SM | 7 | 8 | 9 | 10 | 11 | 12 | 13 |
| അയ്യംമ്പുഴ | 1081 | 317.99 | 21716 | – | 23115 | 2700 | 2300 | 335 | 200 | 200 | 200 | 80 |
| | 27.61 | 47 | 4989 | – | 76.77 | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| ആകെ | | | | | | | | | | | | |

ആകെ 6015

———————————ഗ്രാമപഞ്ചായത്ത്

2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: പുറമ്പോക്ക് രജിസ്റ്റർ)

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റെയിൽവെ | റവന്യൂ | വനം | | | ആകെ |
| 1 | 2 H.A.SM | 3 H.A.SM | 4 H.A.SM | 5 H.A.SM | 6 | 7 | 8 H.A.SM | 9 | 10 | 11 |
| | | | | | | | | | | |
| | 5,00,000 | 30,000 | 10,00.00 | 31-82-55 | — | 9490.00 | 13625.00 | | | |
| | | | | | | | | | | |
| | | | | | | | | | | |
| ആകെ | | | | | | | | | | |

——————————— ഗ്രാമപഞ്ചായത്ത്

2.3 പതിച്ചു കൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: രജിസ്റ്റർ നമ്പർ 5)

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഏക്കറിൽ) | | | | | |
|---|---|---|---|---|---|---|
| | പുരയിടം | നിലം | തരിശ് | മറ്റുള്ളവ | ആകെ | സ്ഥാവര വസ്തുക്കളുടെ വിവരം |
| 1 | 2 H.A.SM | 3 | 4 | 5 | 6 | 7 |
| അയ്യംമ്പുഴ | 52,26.00 | — | — | — | 52,26.00 | |
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |

## അനുബന്ധം - 3

അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 - '94 | 1994 - '95 | 1995 - '96 |
| തെങ്ങ് WCT | 233 (25TxD) (8DxT) | 385 NOS (50 TxD) 10 DxT) | 80TxD |
| കശുമാവ് | — | — | 580<br>150<br>730 |
| കുരുമുളക് | 2000 Nos. | 950 Nos. | |
| കവുങ്ങ് | 100 Nos. | | 2250 + 3600 |
| ———— | | | |
| കൊക്കാബസ് | | | 144<br>100 |
| ———— | | | |

———————— ഗ്രാമപഞ്ചായത്ത്

3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപ്പൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | ✓ | | ✓ | | 99 | 9240 |
| 1994-95 | ✓ | | ✓ | | 209 | 38913 |
| 1995-96 | | | | | 32 | 30600 |

### മഴ ലഭ്യത വിവിധ മാസങ്ങളിൽ
### ( IN MILLI METRES)

| മാസം | അളവ് | മാസം | അളവ് |
|---|---|---|---|
| ജനുവരി | 15 | ജൂലൈ | 721 |
| ഫെബ്രുവരി | 17 | ആഗസ്റ്റ് | 451 |
| മാർച്ച് | 41 | സെപ്തംബർ | 288 |
| ഏപ്രിൽ | 134 | ഒക്ടോബർ | 312 |
| മെയ് | 318 | നവംബർ | 172 |
| ജൂൺ | 740 | ഡിസംബർ | 45 |

ആകെ 3254 ml / year

**അധികാരം ജനങ്ങളിലേയ്ക്ക്...............**

# ജനകീയാസൂത്രണ പ്രസ്ഥാനം

ഗ്രാമ വികസനത്തിന് ഒരു ഉണർത്തുപാട്ട് !

പഴകി ശീലിച്ച വികസനത്തിന്റെ

വികൃത മുഖം ഇനി ഒരോർമ്മ മാത്രം !!

പങ്കെടുക്കുക............വിജയിപ്പിക്കുക............

**അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്**
**ജനകീയാസൂത്രണ സമിതി**

ഏയ്ഞ്ചൽ പ്രിന്റേഴ്സ് & സ്ക്രീൻ പ്രിന്റിംഗ് ചന്ദ്രപ്പുര, മഞ്ഞപ്ര.